
## പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

നോമ്പ് ലക്കം 2015



പ്രോസാങ്ങ് ടിറ്റി പബ്ലിക്കേഷൻസ്



# പിതൃമൊഴി

**ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ**

- ഓരോരുത്തരും മറ്റുള്ളവർക്ക് ഒരു ദാനമായിതീരണം. സ്വീകരണത്തിന്റെയും ക്ഷമയുടെയും കൂട്ടായ്മയുടെയും പങ്കുവയ്ക്കലിന്റെയും കാരുണ്യത്തിന്റേതുമായ ദാനം.
- നാം അഗാധതയിലേക്ക് ആണ്ടുപോകുമ്പോൾ അദ്ഭുതങ്ങൾ പ്രവർത്തിക്കുന്നവനായ ദൈവത്തിലേക്ക് നമുക്ക് ദൃഷ്ടികളുയർത്താൻ സാധിക്കുന്നതാണു വിശ്വാസം.
- ദൈവത്തിന്റെ മുമ്പിൽ മനുഷ്യൻ എടുക്കുന്ന സമ്പൂർണ സമർപ്പണമാണു വിശ്വാസം.
- എല്ലാവർക്കും നന്മ ചെയ്യുക. എല്ലാവരിലും ദൈവമുദ്ര പതിപ്പിക്കുക. അതാണ് സ്നേഹത്തിന്റെ പൂർണഭാവവും പ്രേഷിതപ്രവർത്തനത്തിന്റെ ഏറ്റവും നല്ല പ്രകാശനവും.
- ഈ ലോകത്തിൽ ഏതു ജീവിതസാഹചര്യത്തിലായിരുന്നാലും ഈശോയുടെ ശബ്ദവും സാക്ഷ്യവും ആയിരിക്കുക എന്നതാണ് പ്രധാനപ്പെട്ടത്.
- നാം എവിടെ ആയിരിക്കുന്നുവോ എവിടെ പ്രവർത്തിക്കുന്നുവോ അവിടെനിന്നു ജ്വലിക്കുക.
- നാം ഈശോയുടെ പ്രഘോഷകരല്ല, പ്രത്യുത അവതാരമായി മാറണം.
- സമയം ദൈവത്തിന്റെ ദാനമാണ്. മറ്റുള്ളവരുടെ സമയത്തെ ആദരിക്കുന്നവരാവണം നാം.
- വിശ്വാസത്തിൽനിന്നും ജനിച്ച് സ്നേഹത്തിൽ ജീവിച്ച് പ്രതീക്ഷയിൽ ഉന്നം വെച്ചുകൊണ്ടുള്ള ഒരു യാഥാർത്ഥ്യമാണ് സമർപ്പണം.
- സമർപ്പണജീവിതം ഇരുട്ടിലേക്കുള്ള എടുത്തു ചാട്ടമല്ല. പ്രത്യുത ദൈവപരിപാലനയുടെ ഹൃദയത്തിലേക്കുള്ള ചാട്ടമാണ്.
- സ്നേഹജന്യമായ പുഞ്ചിരിയോടെ ദൈവവിളിക്ക് അനുനിമിഷം പ്രത്യുത്തരം നല്കുക.
- ജീവിതത്തിന് ഒരു ചിട്ടയുണ്ടാകണം. അപ്പോൾ ധാരാളം നന്മ ചെയ്യുവാൻ സാധിക്കും.
- നമ്മിലെ അപൂർണതകളെ ഒഴിവാക്കുക പ്രയാസമാണ്. എന്നാൽ അപൂർണതകൾക്കു നേരെ പോരാടാൻ നമുക്കു കഴിയണം.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 33 നോമ്പ് ലക്കം 2015

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**സ്റ്റെഫി മംഗലത്തുകുന്നേൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**

**വാർഷിക വരിസംഖ്യ -100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. **Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: psmktm@gmail.com**

## ഉള്ളടക്കം

- നോമ്പ് വിളിക്കുന്നു, കുരിശോളം വലുതാകാൻ 03
- വിശ്വാസത്തിന്റെ ഭാഗ്യപൂർണ്ണമായ ജീവിതം 05
- ശുദ്ധീകരണ സ്ഥലമാക്കരുതേ 07
- നോമ്പുകാല ചിന്തകൾ 09
- മാനസാന്തരത്തിലേക്കുള്ള ചുവട് 11
- സ്നേഹത്തിന്റെ തണൽ 13
- വഴിയറിയുന്നവൻ കൂടെയുണ്ട് 14
- വിശുദ്ധിയുടെ മുത്തുകൾക്ക് 16-17
- The Joy of Suffering 18
- സ്നേഹത്തിനായൊരു രക്തസാക്ഷി 20
- ലഹരി വിതയ്ക്കുന്ന നാശം 22
- വഴിമുടക്കുന്ന കഴുതകൾ 25
- ആനന്ദത്തിന്റെ സാക്ഷികൾ 28
- സെനക്കിൾ തരംഗം 29
- ആശ്രയമാതാവ് 30
- സ്വാർത്ഥമതിയായ ദൈവം 31
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 32

**എഡിറ്റോറിയൽ**

# കുരിശിന്റെ വിപ്ലവം

താലിബാൻ, ഐ എസ് ഭീകരർ, ബൊക്കോ ഹറാം, ഇസ്ലാമിക് മുജാഹിദിൻ ... ലോകമെമ്പാടും ഭീഷണികളുയർത്തുന്ന ഭീകരസംഘടനകളുടെ പട്ടിക നീളുകയാണ്. നമ്മുടെ രാജ്യവും ഭീകരപ്രവർത്തകരുടെ ഭീഷണിയിൽനിന്നു വിമുക്തമല്ല. രാജ്യത്തിനു പുറത്തുനിന്നുംമാത്രമല്ല, രാജ്യത്തിനുള്ളിൽത്തന്നെയുള്ള നിരോധിത തീവ്രവാദികളും വർഗീയവിഘടനവാദികളുമൊക്കെ ജനജീവിതത്തിന് പലവിധത്തിൽ അസ്വസ്ഥതകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. തങ്ങളുടെ ലക്ഷ്യം നേടാൻ അവർ ഉപയോഗിക്കുന്ന മാർഗങ്ങൾ അവർണനീയമാം വിധം ഭീകരംതന്നെ! ലക്ഷ്യവും, അതു നേടാനുപയോഗിക്കുന്ന മാർഗവും നന്മയാൽ പൂരിതമല്ലെങ്കിലുണ്ടാകുന്ന ഭവിഷ്യത്തുകൾ!

ലോകമെമ്പാടുമുള്ള ഭീകരപ്രവർത്തനങ്ങളെ അപലപിക്കുമ്പോൾത്തന്നെ നാമോരോരുത്തരും സ്വന്തം ഹൃദയത്തിലെ നിലപാടുകളെ പരിശോധനാവിഷയമാക്കേണ്ടതുമുണ്ട്. ജീവിതസാഹചര്യങ്ങളോടും പ്രശ്നങ്ങളോടുമുള്ള നമ്മുടെ പ്രതികരണമെങ്ങനെയുള്ളതാണ്? നിലവിലിരുന്ന സാമൂഹ്യഅനീതികളെ തച്ചുടയ്ക്കാനും എല്ലാവരെയും രക്ഷയുടെ മാർഗത്തിലേക്കു നയിക്കുവാനുമായി കുരിശിലൂടെയുള്ള -സ്നേഹത്തിലൂടെയുള്ള- വിപ്ലവത്തിന്റെ ചൂടും വെളിച്ചവും നല്കിയ ദൈവപുത്രന്റെ നിലപാടുകളാണോ നാം പിന്തുടരുന്നത്... അതോ സ്നേഹരാഹിത്യത്തിന്റെയും സ്വാർത്ഥതയുടെയും അക്ഷമയുടെയും അഹങ്കാരത്തിന്റെയും ആയുധങ്ങൾ നാം സഹോദരങ്ങൾക്കുനേരെ പ്രയോഗിക്കുന്നുണ്ടോ...

ദൈവസ്നേഹത്തിന്റെ പൂർണതയായ കുരിശിലെ സഹനവും അതിലൂടെയുള്ള മഹത്ത്വവും ധ്യാനവിഷയമാക്കുന്ന കാലഘട്ടത്തിലേക്ക്, ആരാധനാവത്സരത്തിലെ നോമ്പുകാലത്തേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. ജീവിതസാഹചര്യങ്ങളിൽനിന്നു ലഭിക്കുന്ന സഹനങ്ങളെ മാത്രമല്ല, അപരനെ പൂർണതയിൽ സ്നേഹിക്കുന്നതിൽ നിന്നുമുളവാകുന്ന കുരിശുകളെയും നമുക്കു സ്വീകരിക്കാം, അവ നമ്മുടെയും സഹോദരങ്ങളുടെയും രക്ഷയുടെ മാർഗമാണെന്ന ബോദ്ധ്യത്തോടെ... ഈ നോമ്പുകാലം ഹൃദയങ്ങളെ ഉപവാസത്താലും പ്രാർത്ഥനയാലും ദാനധർമ്മത്താലും കഴുകി വിശുദ്ധീകരിക്കുന്ന ദിവസങ്ങളായിത്തീരട്ടെ. ഭീകരതയുടെ വിത്തായ സ്നേഹരാഹിത്യം വിതയ്ക്കുന്നതിനു പകരം എല്ലാവരെയും വിശുദ്ധീകരിക്കുന്ന സ്നേഹത്തിന്റെ സ്ഫോടനമായി നമ്മുടെ ജീവിതങ്ങളെ മാറ്റാം.

**ചീഫ് എഡിറ്റർ**





# നോമ്പ് വിളിക്കുന്നു, കുരിശോളം വലുതാകാൻ

*"ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" (മത്താ 16:24).*

**ബ്രദർ ദേവസ്യാ തുണ്ടിയിൽ**
സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി, വടവാതൂർ

മനുഷ്യദൃഷ്ടിയിൽ നിന്ദ്യമായതിനെ സ്വന്തം ജീവിതംകൊണ്ട് മഹത്തരമാക്കുന്നവർക്കു മുമ്പിൽ ചരിത്രം വഴിമാറുന്നു. മണലാരണ്യത്തെ മലർവാടിയാക്കാൻ പോന്ന വിശുദ്ധിയുടെ നീർത്തടങ്ങൾ ഹൃദയത്തിൽ പേറുന്നവർ. മിശിഹാ കുരിശിലേറുന്നതുവരെ കുരിശ് പേടിപ്പെടുത്തുന്ന ഓരോർമ്മയായിരുന്നു. എന്നാൽ അവനുശേഷം അതു രക്ഷയുടെ സ്മാരകമായി. 'നിങ്ങളിലാർക്ക് എന്നിൽ പാപം തെളിയിക്കാൻ കഴിയും?' എന്ന് തൊണ്ടയിടറാതെ ചോദിക്കാൻ കഴിഞ്ഞ ചരിത്രത്തിലെ ആ ഏക മനുഷ്യന്റെ ജീവിതനൈർമ്മല്യത്തിന്റെ കരുത്ത്. മിഴികളിൽ വിശുദ്ധിയുടെ തിളക്കമുള്ളവൻ നോക്കുമ്പോൾ ഉണക്കമരം തളിർക്കുമെന്ന് എവിടെയോ വായിച്ചതോർക്കുന്നു.

രക്ഷയുടെ അടയാളം എന്നൊരു വിശേഷണം കുരിശിനുണ്ട്. രക്ഷയ്ക്ക് സഭാപിതാക്കന്മാർ നല്കിയിട്ടുള്ള നിർവചനങ്ങളിൽ ഏറെ ഹൃദ്യമായിത്തോന്നിയത് രക്ഷ സ്നേഹകൂട്ടായ്മയിലുള്ള ഒന്നുചേരലാണ് എന്നതാണ്. ദൈവത്തെയും മനുഷ്യരെയും നെഞ്ചോടു ചേർത്തുവച്ചുള്ള ജീവിതം. രണ്ടു മരക്കഷണങ്ങൾ ചേർത്തു വച്ചുണ്ടാക്കിയ കുരിശ് ഉടയവനിലേക്കും സഹചരിലേക്കും നീളേണ്ട നമ്മുടെയൊക്കെ ജീവിതത്തിന്റെ പ്രതീകമാണ്. ഇത്തരമൊരു സ്നേഹാനുഭവത്തിലേക്കാണ് നോമ്പുകാലം നമ്മെ ക്ഷണിക്കുന്നത്.

എന്നാൽ, രക്ഷയുടെ ചക്രവാളത്തിലേക്ക് ചിറകടിച്ചുയരണമെങ്കിൽ പ്രലോഭനങ്ങളുടെ മരുഭൂമികൾ കടക്കേണ്ടതുണ്ട്. ദൈവപുത്രനായ ഈശോ പോലും പ്രലോഭനങ്ങളിൽനിന്നു

മുക്തനായിരുന്നില്ല എന്ന് ഓർമിക്കാം. നാല്പതു നാളത്തെ ഉപവാസം പകർന്ന ആത്മീയ ശക്തി കെടുത്താൻ അവിടുത്തെ അസ്തിത്വത്തിനു നേരെ ചോദ്യമെറിയുകയാണ് സാത്താൻ. 'നീ ദൈവപുത്രനാണെങ്കിൽ ഇതു ചെയ്യുക'. സർക്കാർ സ്കൂൾ മൈതാനത്തെ വാകമരച്ചോട്ടിൽ ഉച്ച ഊണിനുശേഷം കളിച്ചുതിമിർക്കുന്ന ഒമ്പതാം ക്ലാസുകാരനെ പ്രകോപിപ്പിക്കാൻ കൂട്ടുകാർ ഉപയോഗിക്കാറുള്ള അതേ തന്ത്രം, 'നീ ഇന്നയാളുടെ മകനാണെങ്കിൽ അതു ചെയ്തു കാണിക്ക്'. സിരകളിലോടുന്ന രക്തത്തിനു നേരെയുള്ള വെല്ലുവിളി കേട്ടില്ലെന്നു നടിക്കാൻ ആത്മാഭിമാനം സമ്മതിക്കുമെന്നു തോന്നുന്നില്ല. എന്നാൽ അഹംബോധമുയർത്തുന്ന വൈകാരിക വേലിയേറ്റങ്ങൾക്കു കീഴ്പെട്ടാൽ തന്റെ പിതൃത്വത്തെ ഒറ്റുകൊടുക്കുകയാവും താൻ എന്ന് ഈശോ തിരിച്ചറിഞ്ഞു. നക്ഷത്രം നോക്കി യാത്ര ചെയ്യുന്നവനെ തീപ്പന്തം കാട്ടി ആകർഷിക്കാൻ വൃഥാ ശ്രമിക്കുന്നതെന്തിന്. പാപം നൽകുന്ന നിമിഷ സുഖത്തിനുവേണ്ടി ദൈവസ്നേഹത്തിന്റെ അപാരതകളെ ബലികഴിക്കുന്ന നമുക്ക് തിരികെ നടക്കാം. വ്രതശുദ്ധിയുടെ ഈ നാളുകളിൽ കസൻദസാക്കിസിന്റെ അസീസിയുടെ വാക്കുകൾ ഹൃദയത്തിൽ സൂക്ഷിക്കാം. 'ലോകം ഒരു ഗോദയാണ്, മാംസം അരൂപിയാക്കാൻ നാം ഗുസ്തി പിടിക്കേണ്ട ഇടം'.

മരക്കുരിശിനെ ജീവന്റെ വൃക്ഷമാക്കി രൂപാന്തരപ്പെടുത്തിയത് അതിന്റെ ചുവട്ടിൽ കിനിഞ്ഞിറങ്ങിയ ചുടുചോരയാണ്. സങ്കടങ്ങളുടെ നടുക്കടലിൽ കുരിശുകളൊക്കെ പൂത്തുലയും, ദൈവേഷ്ടമാകുന്ന മൺതുരുത്തിൽ അവയെ നാട്ടാൻ കഴിഞ്ഞാൽ. കുരിശു വിശ്വാസിക്കു നൽകുന്ന ആത്മപാഠം സഹനം അവന്റെ അവകാശമാണ് എന്നത്രേ. ഒറ്റിക്കൊടുക്കലിന്റെയും തള്ളിപ്പറയലിന്റെയും കാൽവരിയിലേക്ക് ഒരിക്കലെങ്കിലും വലിച്ചിഴയ്ക്കപ്പെടാത്ത ക്രിസ്ത്യാനി തന്റെ വിശ്വാസജീവിതത്തിന്റെ ആധികാരികതയെ കാര്യമായി സംശയിക്കണം. കാരണം, നിങ്ങൾ ലോകത്തിന്റേതല്ലാത്തതിനാൽ ലോകം നിങ്ങളെ ദ്വേഷിക്കുമെന്നതു മിശിഹാ പറഞ്ഞ വാക്കാണ് (യോഹ 17:14). പൗലോസ് ശ്ലീഹായുടെ ഭാഷ്യം ശ്രദ്ധേയമാണ്: "ഈശോമിശിഹായോട് ഐക്യപ്പെട്ടു ജീവിക്കാൻ, വിശുദ്ധ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവരെല്ലാം പീഡിപ്പിക്കപ്പെടും" (2 തിമോ 3:12). ലോകത്തോടു സമരസപ്പെടുന്നവർക്കു മുമ്പിൽ മരക്കുരിശുകൾ കരംവിരിച്ചു നിൽക്കുന്നതു കാണുക.

> മരക്കുരിശിനെ ജീവന്റെ വൃക്ഷമാക്കി രൂപാന്തരപ്പെടുത്തിയത് അതിന്റെ ചുവട്ടിൽ കിനിഞ്ഞിറങ്ങിയ ചുടുചോരയാണ്.

ജീവിതദുഃഖങ്ങൾ കർത്താവിന്റെ കുരിശിനോട് ചേർത്തുവയ്ക്കാം. 'മനുഷ്യനെ ആശ്രയിക്കുന്നത് ഉണക്കമരത്തെ ചാരുന്നതുപോലെയാണ്' എന്ന് അമ്മത്രേസ്യാ പറഞ്ഞിട്ടുണ്ട്. കുരിശുകൾക്കപ്പുറം നമുക്കായി രക്ഷയുടെ പറുദീസാ ഒരുക്കപ്പെട്ടിരിക്കുന്നു എന്ന പ്രത്യാശ സന്തോഷത്തോടെ കുരിശെടുക്കാൻ നമ്മെ പ്രചോദിപ്പിക്കട്ടെ. നിലനിൽക്കുന്ന സന്തോഷങ്ങളുടെ പിന്നാമ്പുറങ്ങളിൽ, ചിന്തപ്പെട്ട രക്തത്തിന്റെയും പൊഴിയപ്പെട്ട കണ്ണുനീരിന്റെയും കഥകളുണ്ട് എന്ന് വിസ്മരിക്കാതിരിക്കാം. അല്ലാത്ത സന്തോഷങ്ങളൊക്കെ മിഥ്യകളാണെന്നും.

അപരനുവേണ്ടി കുരിശെടുക്കാനും കുരിശോളം വളരാനും ഈ നോമ്പുകാലത്ത് നമുക്കു പരിശീലിക്കാം. മിശിഹായെപ്പോലെ ചെറുതാകാതെ കുരിശോളം വലുതാകാനാവില്ല. ദൈവത്തിലേക്കു ഉയർന്ന ശിരസും സഹോദരങ്ങളിലേക്ക് വിരിഞ്ഞ കരങ്ങളും നമ്മെയും രക്ഷയുടെ ജീവിക്കുന്ന അടയാളങ്ങളാക്കി മാറ്റും.





**സെനക്കിൾ ആദ്ധ്യാത്മികത - 25**



# വിശ്വാസത്തിന്റെ ഭാഗ്യപൂർണമായ ജീവിതം

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**

സെനക്കിളിൽ ശിഷ്യസമൂഹം ഒന്നിച്ചുകൂടിയ സന്ദർഭത്തിൽ ഉത്ഥിതനായ ഈശോ അവർക്കു പ്രത്യക്ഷപ്പെടുകയും തന്റെ അരൂപിയെ അവരുടെമേൽ നിശ്വസിച്ച് തന്റെ ദൗത്യനിർവഹണത്തിനായി അവരെ പറഞ്ഞയയ്ക്കുകയും ചെയ്തു (യോഹ 20,19-23). അങ്ങനെ ശിഷ്യർക്ക് ഈശോ പ്രത്യക്ഷപ്പെട്ട അവസരത്തിൽ പന്ത്രണ്ടുപേരിൽ ഒരുവനായ തോമ്മാശ്ലീഹാ അവരുടെകൂടെ ഉണ്ടായിരുന്നില്ല (യോഹ 20,24). മറ്റു ശിഷ്യന്മാർ അവർക്കുണ്ടായ മിശിഹാനുഭവത്തെപ്പറ്റി പറഞ്ഞെങ്കിലും തോമ്മാശ്ലീഹാ അതു വിശ്വസിച്ചില്ല. മാത്രമല്ല, "അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ കാണുകയും അവയിൽ വിരലിടുകയും അവന്റെ പാർശ്വത്തിൽ കൈ വയ്ക്കുകയും ചെയ്തല്ലാതെ താൻ വിശ്വസിക്കുകയില്ല" എന്ന് തറപ്പിച്ചു പറയുകയും ചെയ്തു (20,25). ഇക്കാരണത്താൽ പലരും തോമ്മാശ്ലീഹായെ അവിശ്വാസിയെന്നും സംശയക്കാരനെന്നുമൊക്കെ വിശേഷിപ്പിക്കാറുണ്ട്. എന്നാൽ യഥാർത്ഥത്തിൽ വിശ്വാസത്തിന്റെ ചില പ്രധാനവശങ്ങൾ വ്യക്തമാക്കുന്ന ഒരു വ്യക്തിയായിട്ടാണ് യോഹന്നാൻ സുവിശേഷകൻ തോമ്മാശ്ലീഹായെ അവതരിപ്പിക്കുന്നത്.

### ശ്ലൈഹികമായ ആധികാരികതയുള്ള വിശ്വാസം

ക്രിസ്തീയവിശ്വാസത്തിന് ആധികാരികത ലഭിക്കുന്നത് ശ്ലൈഹിക അടിസ്ഥാനത്തിൽനിന്നാണ്. ദൈവത്തെയും ദൈവത്തിന്റെ രക്ഷാപദ്ധതിയെയും വെളിപ്പെടുത്തുകയും അതു പൂർത്തി

യാക്കുകയും ചെയ്ത മിശിഹായെ കാണുകയും കേൾക്കുകയും നോക്കുകയും സ്പർശിക്കുകയും ചെയ്തത് ശ്ലീഹന്മാരാണ് (1 യോഹ 1,1-4). ഉത്ഥിതനായ മിശിഹായെ കണ്ടു എന്നതാണ് ശ്ലീഹന്മാർക്കടുത്ത ആധികാരികതയുടെ അടിസ്ഥാനം. പത്രോസ് കൊർണേലിയൂസിന്റെ ഭവനത്തിൽ ഔദ്യോഗികമായി നടത്തിയ സുവിശേഷപ്രഘോഷണത്തിൽ എടുത്തുപറയുന്ന ഒരു കാര്യമാണത്: “ദൈവം അവനെ മൂന്നാം ദിവസം ഉയിർപ്പിക്കുകയും പ്രത്യക്ഷനാക്കുകയും ചെയ്തു. എല്ലാവർക്കുമല്ല, സാക്ഷികളായി ദൈവം മുൻകൂട്ടി തിരഞ്ഞെടുത്ത ഞങ്ങൾക്കു മാത്രം” (നട 10,40-41). ശ്ലൈഹികമായ ഈ ആധികാരികത പന്ത്രണ്ടുപേരിലൊരുവനായ തോമ്മാശ്ലീഹായ്ക്കും അവകാശപ്പെട്ടതാണ്. മറ്റു ശിഷ്യന്മാർ കണ്ടു എന്നു പറഞ്ഞതുകേട്ട് വിശ്വസിക്കേണ്ടവനല്ല തോമ്മാശ്ലീഹാ. അതുകൊണ്ടുതന്നെയാണ് കണ്ടല്ലാതെ താൻ വിശ്വസിക്കുകയില്ല എന്ന് തോമ്മാശ്ലീഹാ നിർബന്ധമായി പറഞ്ഞത്. അത് ദൈവത്തിന്റെ ഹിതപ്രകാരമായതുകൊണ്ടാണല്ലോ എട്ടു ദിവസങ്ങൾക്കുശേഷം ഈശോ തോമ്മാശ്ലീഹായ്ക്കുവേണ്ടിമാത്രം പ്രത്യക്ഷപ്പെട്ടതും (യോഹ 20,26).

**ഈശോയെ കർത്താവായി ഏറ്റുപറയുന്ന വിശ്വാസം**

എട്ടു ദിവസങ്ങൾക്കുശേഷം ഈശോ വീണ്ടും ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടപ്പോൾ തോമ്മാശ്ലീഹായെ ക്ഷണിച്ചുകൊണ്ടു പറഞ്ഞു: “നിന്റെ വിരൽ ഇവിടെ കൊണ്ടുവരിക; എന്റെ കൈകൾ കാണുക; നിന്റെ കൈ നീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക” (20, 27). തോമ്മാശ്ലീഹാ ആവശ്യപ്പെട്ടതെല്ലാം ചെയ്തുകൊള്ളുവാൻ സമ്മതിച്ച് ഈശോ ശ്ലീഹായെ ക്ഷണിക്കുകയാണ്. പക്ഷേ, തോമ്മാശ്ലീഹാ അതൊന്നും ചെയ്തില്ല. ഉത്ഥിതനായ മിശിഹായെ കണ്ട ഉടനെ “എന്റെ കർത്താവേ, എന്റെ ദൈവമേ” എന്ന് ഏറ്റുപറയുകയാണ് ചെയ്തത് (20,28). സുവിശേഷങ്ങളിൽ കാണുന്ന ഏറ്റം വലിയ വിശ്വാസപ്രഖ്യാപനമാണ് അത്. സഭയുടെ ആദ്യനൂറ്റാണ്ടുകളിലെ വിശ്വാസപ്രമാണമാണ് ഇവിടെ പ്രഖ്യാപിക്കപ്പെടുന്നത്.

കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനത്തിൽ വി. പൗലോസ്ശ്ലീഹാ ഈ വിശ്വാസപ്രമാണത്തെപ്പറ്റി പറയുന്നുണ്ട്: “ഈശോ കർത്താവാണ്” എന്നതാണ് ആദിമസഭയുടെ വിശ്വാസപ്രമാണം. “ഈശോ കർത്താവാണ് എന്നു പറയാൻ പരിശുദ്ധാത്മാവു മുഖേനയല്ലാതെ ആർക്കും സാധിക്കുകയില്ലെന്നും നിങ്ങൾ ഗ്രഹിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു” (1 കൊറി 12,3). ആദിമസഭയുടെ ഔദ്യോഗികമായ വിശ്വാസപ്രഖ്യാപനമാണ് തോമ്മാശ്ലീഹായുടെ വിശ്വാസം പ്രതിനിധീകരിക്കുന്നത്.

**ഭാഗ്യപൂർണമായ വിശ്വാസം**

തോമ്മാശ്ലീഹാ തന്റെ വിശ്വാസം ഏറ്റുപറഞ്ഞപ്പോൾ, “ഈശോ അവനോടു പറഞ്ഞു: നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു; കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ” (20,29). കണ്ടതുകൊണ്ടു വിശ്വസിച്ചതു നിർഭാഗ്യകരമായിപ്പോയി എന്ന സൂചന ഇവിടെയുള്ളതായി തോന്നുന്നില്ല. തോമ്മാശ്ലീഹാ കണ്ടു തന്നെ വിശ്വസിക്കേണ്ടവനായിരുന്നു. കാരണം, മറ്റു ശ്ലീഹന്മാരെപ്പോലെതന്നെ തോമ്മാശ്ലീഹായ്ക്കും ആധികാരികത ഉണ്ടാകണമായിരുന്നു. എന്നാൽ തോമ്മാശ്ലീഹായുടെ ആധികാരികമായ വിശ്വാസപൈതൃകത്തിന്റെ അവകാശികളായിത്തീരുവാൻ വിളിക്കപ്പെട്ടവരുടെ, കാണാതെ വിശ്വസിക്കാനിരിക്കുന്നവരുടെ, സുവിശേഷഭാഗ്യം ഇവിടെ പ്രഖ്യാപിക്കപ്പെടുകയായിരുന്നു. ശ്ലീഹന്മാരുടെ കാലശേഷമുള്ള സഭാമക്കളെല്ലാവരും കാണാതെ വിശ്വസിക്കുന്നവരുടെ ഗണത്തിൽപ്പെടും. അങ്ങനെ ലോകാവസാനംവരെ തന്നിൽ വിശ്വസിക്കാനിരിക്കുന്ന എല്ലാവരും ഭാഗ്യവാന്മാരും ഭാഗ്യവതികളുമാണെന്ന യാഥാർത്ഥ്യം ഇവിടെ ഈശോ പരസ്യമായി പ്രഖ്യാപിക്കുകയാണ്. ‘വിശ്വാസത്തിന്റെ സുവിശേഷം’ എന്നു വിശേഷിപ്പിക്കപ്പെടുന്ന വി. യോഹന്നാന്റെ സുവിശേഷത്തിന്റെ ഉപസംഹാരത്തിനു തൊട്ടുമുമ്പുള്ള സുവിശേഷഭാഗ്യപ്രഖ്യാപനമായി ഇതിനെ കരുതാവുന്നതാണ്. ശ്ലൈഹികമായ ആധികാരികതയുള്ള സഭയുടെ വിശ്വാസം സ്വീകരിക്കുകയും ജീവിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ജീവിതം തികച്ചും ഭാഗ്യപൂർണമായ ഒരു ജീവിതമാണ്.







# ശുദ്ധീകരണ സ്ഥലമാക്കരുതേ...

മങ്ങാടൻ

‘**ദൈ**വം ഭൂമിയിൽ പണിത സ്വർഗ്ഗമാണ് കുടുംബം. അപ്പനും അമ്മയും മക്കളും ഒന്നുചേർന്ന് പടുത്തുയർത്തേണ്ട, സൂക്ഷിക്കേണ്ട സ്വർഗ്ഗം’. ക്ലാസുകഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ തെല്ലു ശബ്ദമുയർത്തി ഒരമ്മ എന്നോടു പറഞ്ഞു. “കുടുംബം...സ്വർഗ്ഗമാണുപോലും സ്വർഗ്ഗം! ശുദ്ധീകരണ സ്ഥലമാ...” കൂടെയുള്ള ഭർത്താവിനെ നോക്കിക്കൊണ്ട് അമ്മ ഇപ്രകാരം തുടർന്നു: “33 വർഷമായി ഞാൻ കെടാത്ത തീയിലാ ജീവിക്കുന്നത്. ഒരു ഭാര്യ ആഗ്രഹിക്കുന്നതെന്തെന്നോ, പ്രതീക്ഷിക്കുന്നതെന്തെന്നോ അറിയാൻപോലും ആഗ്രഹമില്ലാത്ത ഒരു ഭർത്താവ്. വീട്ടിലെ ഇളയമകളാണ് ഞാൻ. സ്നേഹവും ലാളനയും പ്രോത്സാഹനവും വേണ്ടുവോളം അനുഭവിച്ചാണ് ഞാൻ വളർന്നത്. ഈ നരകത്തിൽ വന്നതിൽപിന്നെ ഞാനിതൊന്നും അറിഞ്ഞിട്ടുപോലുമില്ല. ഞാൻ മറ്റൊന്നും ആഗ്രഹിക്കുന്നില്ല. നന്നായിരിക്കുന്നു എന്ന ഒരു നല്ല വാക്ക്... സാരമില്ലെടി എന്ന ഒരു ആശ്വാസവാക്ക്. ഇതുമാത്രമേ ഞാൻ പ്രതീക്ഷിക്കുന്നുള്ളൂ. പക്ഷേ ഇതൊക്കെ പറഞ്ഞാൽ ഇങ്ങേർക്ക് എന്തോ നഷ്ടപ്പെട്ടുപോകുമെന്നാ വിചാരം. ഒന്നും തന്നില്ലെങ്കിലും സാരമില്ല. എന്തെങ്കിലും നല്ല കാര്യം

ചെയ്താൽ എത്രമാത്രം താഴ്ത്താമോ അത്രമാത്രം ഇരുത്തിക്കളയുകയും ചെയ്യും. അതും മറ്റുള്ളവരുടെ മുമ്പിൽവച്ച്... അതുകൊണ്ടെന്നാ ഞാനിന്നൊരു പൊതുപ്രവർത്തകയാണ്. എനിക്ക് എന്റെ ഭർത്താവിൽനിന്നു ലഭിക്കാത്ത മനസ്സിലാക്കലും പ്രോത്സാഹനവും അംഗീകാരവുമൊക്കെ ഞാൻ നാട്ടുകാരിൽനിന്നും നേടുന്നുണ്ട്." എന്നിട്ടൊരു താക്കീതും... "കിട്ടേണ്ടത് കിട്ടേണ്ടിടത്തുനിന്നു കിട്ടിയില്ലെങ്കിൽ കിട്ടുന്നിടം തേടിപ്പോകും എന്നതു മറക്കേണ്ട മനുഷ്യാ".

ഈ അമ്മ ഇത്തിരി ഓവറായിപ്പോയോ എന്നു തോന്നും. അല്ലേ? പക്ഷേ രണ്ടുപേരെയും കേട്ടപ്പോൾ എനിക്കു മനസ്സിലായി ഹൃദയം തകർന്നുയരുന്ന രോഷമാണ് ഇതെന്ന്. പലപ്പോഴും പല ഭർത്താക്കന്മാരും സ്നേഹത്തിന്റെ വിവിധ ഭാവങ്ങൾ പ്രകടിപ്പിക്കുന്നതിൽ ലുബ്ധു കാട്ടുന്നവരാണ്. അതിൽ നീറിക്കഴിയുന്നവരാണ് ഒട്ടേറെ സ്ത്രീകളും. ഇതിന്റെ ഫലമായുണ്ടാകുന്ന പൊട്ടിത്തെറികൾക്ക് വിധേയരാകുന്നതോ നിഷ്കളങ്കരായ മക്കളും. ഫ്രാൻസിസ് മാർപാപ്പാ പറയുന്നു: "കുടുംബജീവിതത്തിൽ ഒരുമിച്ചു ജീവിക്കുക എന്നത് വലിയൊരു കലയാണ്. സ്വർണ്ണപണിക്കാരന്റെ കരകൗശല വൈദഗ്ധ്യം കുടുംബജീവിതത്തിനാവശ്യമാണ്. ഭർത്താവിനെ നല്ല ഭർത്താവാക്കിത്തീർക്കുവാൻ ഭാര്യയും ഭാര്യയെ കുറെക്കൂടി നല്ലവളാക്കിത്തീർക്കാൻ ഭർത്താവും ശ്രമിക്കേണ്ടതുണ്ട്. പരസ്പരം വൈദഗ്ധ്യത്തോടെയും ശ്രദ്ധയോടെയും ഇരുവരും പണിതുയർത്തപ്പെടണം. ജീവിതപങ്കാളികൾ പരസ്പരം വളർത്തുമ്പോൾ അതിന്റെ നന്മ കുട്ടികളിലേക്കും പടർന്നിറങ്ങിക്കൊള്ളും". കുടുംബജീവിതമാകുന്ന യാത്രയിൽ ആദ്യന്തം പാലിക്കേണ്ട ചില നിയമങ്ങളുണ്ട് എന്ന് മാർപാപ്പാ ഓർമ്മിപ്പിക്കുന്നു.

1. മര്യാദയോടെ മറ്റൊരാളുടെ ജീവിതത്തിലേക്കു പ്രവേശിക്കുക
2. ഏതൊരു കാര്യത്തിനും നന്ദി പറയുക
3. എനിക്കു തെറ്റിപ്പോയി എന്നു പങ്കാളിയോടു പറയുക
4. നിനക്കു ഞാനുണ്ട് എന്ന് പരസ്പരം ധൈര്യപ്പെടുത്തുക
5. നിസ്സാരമായവപോലും പ്രോത്സാഹിപ്പിക്കുക

ഇവയ്ക്കു വിപരീതമായി കുടുംബജീവിതത്തിലെ എല്ലാ കുറവുകളെയും കൽഭരണിയിലെ വെള്ളം വീഞ്ഞാക്കിയവന്റെ കരങ്ങളിൽ കൊടുത്ത് നിറവിനായി പ്രാർത്ഥിക്കാം. "ഞങ്ങളുടെ സ്നേഹം വർദ്ധിപ്പിച്ചു തരണമേ. കർത്താവേ അന്നന്നുവേണ്ടുന്ന സ്നേഹം ഇന്നു ഞങ്ങൾക്കു തരണമേ. പരസ്പരം സ്നേഹിക്കുവാനും ജീവിതപങ്കാളിക്ക് നന്മ ആഗ്രഹിക്കുവാനും ഞങ്ങളെ പഠിപ്പിക്കണമെ. അങ്ങനെ ഭൂമിയിൽ ദൈവം പണിത സ്വർഗ്ഗമായി എന്റെ ഭവനം മാറുവാൻ ഞങ്ങളുടെമേൽ കനിവുണ്ടാകണമേ".










# നോമ്പുകാല ചിന്തകൾ

പ്രൊഫ. എബ്രാഹം കോക്കാട്ട്
എലിക്കുളം

ഒരിക്കൽകൂടി രക്ഷാകര കർമ്മത്തിലെ പെസഹാ അനുഭവത്തിലൂടെ നാം കടന്നുപോകുന്നു; പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും നാളുകളിലൂടെ... വിശുദ്ധി സൂക്ഷിക്കുന്നതിനുള്ള ഉപാധിയാണ് ഉപവാസം. ഉപ്പ് മാംസം കേടു കൂടാതെ സൂക്ഷിക്കുന്നതുപോലെ ഉപവാസംവഴി നാം പുണ്യങ്ങൾ സംരക്ഷിക്കുന്നു. ഉപവാസം അശുദ്ധിയെ അകറ്റുകയും വികാരങ്ങളെ നിയന്ത്രിക്കുകയും ചെയ്യുന്നു. കണ്ണിൽ വീഴുന്ന പൊടി അകറ്റുന്നതിന് കണ്ണ് എങ്ങനെ ഒരുമ്പെടുന്നുവോ അതുപോലെ വൈരാഗ്യ ചിന്തകളെയും ചീത്തയായ ആഗ്രഹങ്ങളെയും അത് നിയന്ത്രിക്കുകയും അനാവശ്യ കാര്യങ്ങൾ സംസാരിക്കാതെ നാവിനെ സൂക്ഷിക്കുകയും ചെയ്യുന്നു. വിശുദ്ധിയുടെ ഫലങ്ങൾ പുറപ്പെടുവിക്കാനും മനസ്സിനെയും ആത്മാവിനെയും അഴുക്കില്ലാത്തതായി കാത്തു സൂക്ഷിക്കാനും നല്ല താല്പര്യങ്ങൾ ഹൃദയത്തിൽ ജനിപ്പിക്കാനും ആത്മാവിനെ ശക്തിപ്പെടുത്താനും ഉപവാസം നമ്മെ സഹായിക്കുന്നു. ഉപവാസവും പ്രാർത്ഥനയും വഴിയാണ് നാം മാലാഖമാരെപ്പോലെയാകുന്നത്. ഭക്ഷ്യവസ്തുക്കളുടെ വർജനവും ഉപവാസവും വഴി നമ്മുടെ ഉദരം അടയ്ക്കുകയും അരൂപിയുടെ വിഭവങ്ങൾ സ്വീകരിക്കാൻ മറ്റൊരു ഉദരം തുറക്കുകയും ചെയ്യുന്നു. അങ്ങനെ ഉപവസിക്കുന്നവർ ആത്മീയമേശയ്ക്കു വേണ്ടി ശാരീരിക ഭക്ഷണത്തിന്റെ മേശ ഉപേക്ഷിക്കുന്നു. രുചികരമായ സ്വർഗ്ഗീയ ഭക്ഷണത്തിനായി താഴ്ന്ന തരത്തിലുള്ള അപ്പത്തിന്റെ മേശ ഉപേക്ഷിക്കുന്നു.

പ്രാർത്ഥന സ്നേഹമാണ്. സ്നേഹിക്കാത്തവൻ പ്രാർത്ഥിക്കുന്നില്ല. വിഷമിക്കുന്നവന്റെ വിലാപസ്വരം ശ്രവിക്കാത്തവന്റെ പ്രാർത്ഥന ദൈവം കേൾക്കുകയില്ലെന്ന് സുഭാഷിതങ്ങളിൽ സോളമൻ പറയുന്നു. "ദരിദ്രന്റെ നിലവിളിക്ക് ചെവി കൊടുക്കാത്തവന് വിലപിക്കേണ്ടിവരും. ആരും അത് കേൾക്കുകയില്ല" (സുഭാ. 21:3). വി. മത്തായിയുടെ സുവിശേഷത്തിൽ സാക്ഷ്യപ്പെടുത്തുന്നതുപോലെ മലയിലെ ഏകാന്തതയിൽ പ്രാർത്ഥിച്ചു

കൊണ്ടിരുന്ന ഈശോ രാത്രിയുടെ നാലാം യാമത്തിൽ പ്രതികൂലമായ കാറ്റുമൂലം ക്ഷോഭിച്ചിരുന്ന കടലിൽ അലഞ്ഞുലഞ്ഞ തോണിയുടെ അടുത്തേക്ക് ശ്ലീഹന്മാരെ രക്ഷിക്കാൻ കടലിന് മീതെ നടന്നു ചെന്നു. അനുകരിക്കാൻ ഒരു വലിയ മാതൃക! ഏകാന്തതയിലേക്ക് മാറിപ്പോയി പ്രാർത്ഥിച്ച ഈശോ അവിടെനിന്ന് ശിഷ്യരെ സഹായിക്കാൻ തിരിക്കുകയാണ്. ദൈവവുമായുള്ള നമ്മുടെ സംവാദം അഥവാ പ്രാർത്ഥന സ്നേഹപ്രവൃത്തികളിലേക്ക് കുതിക്കാൻ നമുക്ക് പ്രേരകമാകണം. ദൈവഭക്തി നമ്മെ നയിക്കേണ്ടത് ദൈവശക്തിയിൽ ആശ്രയിച്ച് ഇതരരെ സഹായിക്കുന്ന ജീവിതസമർപ്പണത്തിലേക്ക് ആകണം.

മൂന്ന് വർഷത്തെ പരസ്യ ജീവിതത്തിലൂടെ മിശിഹാ ജനജീവിതവുമായി ഇഴുകിചേർന്നു. മനുഷ്യപാപങ്ങൾക്ക് പരിഹാരമായി സ്വന്തം ജീവനെ കുരിശിൽ ബലിയായി നൽകി പിതാവിന്റെയടുത്തേക്ക് പോയ ഈശോമിശിഹാ തന്റെ കടന്നുപോക്ക് -പെസഹാ- ഉജ്ജ്വലമാക്കി.

ഈശ്വരന്റെ പ്രകാശം ഏറ്റുവാങ്ങിയവരാണ് നാം. ആ പ്രകാശത്തിന്റെ പ്രതിഫലനമാണ് ഓരോ വ്യക്തിയും. സ്നേഹമാണ്, ശാന്തിയാണ് ഈശ്വരന്റെ ഭാവം. ആ സ്നേഹസാന്നിദ്ധ്യത്തിന്റെ ശോഭയാണ് മറ്റുള്ളവർ നമ്മിൽ ദർശിക്കേണ്ടത്.

വേദപുസ്തകം നെഞ്ചോട് ചേർത്തുപിടിച്ച്, സ്വന്തമാക്കിയ ഈശ്വരനെ പ്രകാശിപ്പിക്കാൻ തനതായ മാർഗ്ഗങ്ങൾ ഒററയ്ക്കും കൂട്ടായും കണ്ടുപിടിക്കണം. ഇതായിരിക്കണം നമ്മുടെ ലക്ഷ്യം: ചിന്തയിൽ, വായനയിൽ, സംസാരത്തിൽ, പ്രവൃത്തിയിൽ, സംവാദങ്ങളിൽ, വ്യക്തിബന്ധങ്ങളിൽ, സമീപനങ്ങളിൽ, പെരുമാറ്റത്തിൽ, ഭാഷയിൽ, ജോലിസ്ഥലത്ത്, യാത്രയിൽ, വീട്ടിൽ, അടുക്കളയിൽ, ഊണുമേശയിൽ, പൂന്തോട്ടത്തിൽ എല്ലാം ഈശ്വരൻ കടന്നുവരണം. ഈശ്വരസാന്നിധ്യം അവിടെയെല്ലാം വേണം. എങ്കിലേ, നമുക്ക് വഴികാട്ടുന്ന ജ്യോതിസ്സായിരിക്കുവാൻ പറ്റൂ.

ഇന്നത്തെ ഡിജിറ്റൽ സംസ്കാരത്തിന്റെ തെറ്റായ സ്വാധീനങ്ങളിൽ അടിപ്പെട്ട് വഴിതെറ്റുന്നവർക്ക് മുന്നറിയിപ്പ് കൊടുക്കുന്ന സ്നേഹധർമ്മദീപമായി നാം നിലകൊള്ളണം. വെല്ലുവിളികളിൽ പതറാതിരിക്കാൻ കൂടെക്കൂടെ സ്വയം പറയണം. "ഞാൻ കാഴ്ചയിൽ സൂര്യശോഭയുള്ളവനാണ്, അഗ്നിയെപ്പോലെ തേജസിനിയാണ്. കാറ്റിനെപ്പോലെ ശക്തിയുള്ളവനാണ്". ഈ നോമ്പുകാലം അർത്ഥവത്തായ രീതിയിൽ അനുഷ്ഠിക്കാൻ നമുക്കു ശ്രമിക്കാം.




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**








# മാനസാന്തരത്തിലേക്കുള്ള ചുവട്

**തങ്കമ്മ ചേപ്പനത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ആഴമായ ഒരു മാനസാന്തരത്തിന്റെ കാലഘട്ടമാണല്ലോ നോമ്പുകാലം. മനുഷ്യരെല്ലാവരും പാപപ്രകൃതിയുള്ളവരാണ്. ആദിമാതാപിതാക്കൾ മുതൽ ഇന്നോളം പാപത്തിലേയ്ക്കുള്ള ചായ്‌വ് എല്ലാ മനുഷ്യരും അനുഭവിച്ചുകൊണ്ടിരിക്കുന്നു. എത്രമാത്രം പാപം നമ്മിലുണ്ട് എന്നു കാണുവാനല്ല പ്രത്യുത പാപം ചെയ്യുവാനായി എത്രമാത്രം തള്ളൽ (പ്രലോഭനം) നമുക്കുണ്ടാകുന്നു എന്ന് നമുക്ക് മനസ്സിലാക്കിത്തരുവാൻ കർത്താവ് നമ്മെ ഈ നോമ്പുകാലത്തിലൂടെ ഒരുക്കുകയാണ്. ഏതുവിധത്തിലുള്ള പാപമാണ്, പ്രലോഭനമാണ് നമ്മെ കൂടുതൽ അലോസരപ്പെടുത്തുന്നതെന്ന് നാം കണ്ടുപിടിക്കണം. നമ്മിലെ ദുർബലതകൾ, പര്യാകുലതകൾ, പരാതികൾ ഇവയിൽ നിന്നെല്ലാം നാം വിമുക്തരാകണം; ശുദ്ധീകരിക്കപ്പെട്ടവരാകണം. ഈ ശുദ്ധീകരണം നമ്മിൽ നടക്കേണ്ടത് എങ്ങനെയെന്ന് വി. ഗ്രന്ഥത്തിൽ പറയുന്നു. "ഉരുക്കു മൂശയിലെ തീയിൽ നീ ശുദ്ധീകരിക്കപ്പെടട്ടെ".

ലൂക്കാ 3:4-6 -ൽ നാം ഇപ്രകാരം വായിക്കുന്നു: "കർത്താവിന്റെ വഴി ഒരുക്കുവിൻ. അവന്റെ പാത നേരെയാക്കുവിൻ. താഴ്‌വരകൾ നികത്തപ്പെടും. കുന്നും മലയും നിരത്തപ്പെടും".

നമ്മിലെ അഹങ്കാരത്തിന്റെ കുന്നുകൾ, പണം സമ്പാദിക്കുന്നതിനുവേണ്ടിയുള്ള ഓട്ടത്തിന്റെ കുന്നുകൾ, സുഖലോലുപതയുടെ കുന്നുകൾ.... ഇതെല്ലാം നികത്തപ്പെടാൻ സാധിക്കാത്ത കുന്നുകളായി എന്നിൽ കിടക്കുകയാണോ?

ഈ നോമ്പുകാലത്ത് നമ്മുടെ സ്വഭാവത്തിന്റെ ചില ന്യൂനതകളെ കണ്ടെടുത്ത് അവ മാറ്റുവാനായി പരിശ്രമിക്കാം.

**1. അടഞ്ഞ പ്രകൃതം**

ഇക്കൂട്ടർ സംവേദനക്ഷമതയില്ലാത്തവരായി മാറ്റിവയ്ക്കപ്പെട്ടവരായി കാണപ്പെടുന്നു. വിവാഹിതയായ എലിസബത്ത് എന്ന ഒരു സ്ത്രീയുടെ കാര്യം ഇവിടെ പറയാൻ ആഗ്രഹിക്കുന്നു. അവളുടെ ഭർത്താവ് അവളുടെ നേരെ വിപരീത സ്വാഭാവമുള്ള വ്യക്തിയായിരുന്നു. തന്മൂലം അവൾക്ക് ഭർത്താവിൽനിന്ന് ഏറെ സഹിക്കേണ്ടിവന്നു. എല്ലാ സഹനങ്ങളും ഭർത്താവിന്റെ മാനസാന്തരത്തിനായി കാഴ്ചവച്ചുകൊണ്ട് അവൾ സ്വയം വിശുദ്ധീകരിച്ചു. അവൾ മരിച്ചപ്പോൾ മാത്രമാണ് ഭർത്താവ് അവളുടെ ഡയറി കണ്ടത്; തന്റെ ഭാര്യ ആരായിരുന്നുവെന്ന് മനസ്സിലാക്കിയത്. അതിലൂടെ അയാൾ ദൈവത്തിന് സ്വയം സമർപ്പിച്ച് ഒരു വിശുദ്ധനായിത്തീരുകയും ചെയ്തു.

ഈ പ്രകൃതം നമ്മിൽനിന്നും ഒഴിവാക്കിയില്ലെങ്കിൽ ഓരോരുത്തരും അപരന്റെയടുത്ത് അപരിചിതനെപ്പോലെ ജീവിക്കേണ്ടിവരും.

**2. വിഷാദസ്വഭാവം**

ഇങ്ങനെയുള്ളവർക്ക് ഒരിക്കലും ഒന്നിലും പ്രതീക്ഷയില്ല. എല്ലാം നെഗറ്റീവായി, പ്രശ്നം നിറഞ്ഞതായി, പ്രയാസമുള്ളതായി തോന്നും. ഇതിന്റെ ഫലമായി ആത്മവിശ്വാസമില്ലായ്മയും ഒന്നും ചെയ്യാൻ പറ്റില്ല എന്ന വിചാരവും ഉണ്ടാകുന്നു. വിഷാദസ്വഭാവമുണ്ടെങ്കിൽ അതിൽനിന്നും വിമുക്തരായി മറ്റുള്ളവർക്ക് ഉണർവ്വും ഉന്മേഷവും കൊടുക്കാൻ നമുക്ക് കഴിയണം.

**3. തൊട്ടാവാടി, പെട്ടെന്ന് വികാരംകൊള്ളുന്ന, നാഡീക്ഷീണം ബാധിച്ചതുപോലെയുള്ള സ്വഭാവങ്ങൾ**

അമിതമായി വികാരംകൊള്ളുന്ന പ്രകൃതമുള്ളവൻ എളുപ്പത്തിൽ രോഗിയാകുന്നു. തന്റെ സമീപത്ത് വസിക്കുന്നവരെയെല്ലാം രോഗികളാക്കുകയും ചെയ്യുന്നു. സ്വയം സൃഷ്ടിക്കുന്ന സഹനങ്ങളുടെ തടവറയിൽ കഴിയുന്നവരാണിവർ. ഈ സ്വഭാവത്തെ അതിജീവിക്കുവാൻ ഈ നോമ്പുകാലത്ത് ഇത്തരക്കാർക്ക് കഴിയണം.

**4. ചാഞ്ചാടുന്ന സ്വഭാവം.** വളരെവേഗം ഒരവസ്ഥയിൽനിന്ന് മറ്റൊരവസ്ഥയിലേക്ക് കടക്കുന്ന വിചിത്ര സ്വഭാവമുള്ളവരാണിവർ. ഇങ്ങനെയുള്ളവർ ഏതവസ്ഥയിലാണെന്ന് നമുക്ക് ഒരിക്കലും മനസ്സിലാക്കാനാവില്ല. ഈ സ്വഭാവം ഏറ്റക്കുറച്ചിലുകളോടെ നമ്മിലെല്ലാവരിലുമുണ്ട്. ഈ സ്വഭാവവൈകല്യവും തിരുത്താൻ നമുക്ക് ശ്രമിക്കാം.



**കർത്താവേ, ഈ നോമ്പുകാലഘട്ടത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഞാൻ എന്നിൽനിന്നും ഉരിഞ്ഞുമാറ്റേണ്ടത്?! ഒരു നല്ല *മാനസാന്തരം* എന്നിൽ സംഭവിക്കേണ്ടതായുണ്ട്. കർത്താവേ, പാപത്തിലേക്ക്, തെറ്റിലേക്ക്, ദുർബലതകളിലേക്കുള്ള ചായ്‌വ് എത്രയോ പ്രാവശ്യം എന്റെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. ഈശോയേ, സാത്താന്റെ പ്രലോഭനങ്ങളെ അതിജീവിക്കുവാനുള്ള അനുഗ്രഹം എനിക്ക് നല്കേണമെ. അങ്ങനെ ഈ നോമ്പുകാലം ഒരു ആന്തരിക പരിവർത്തനത്തിന്റെ കാലഘട്ടമായി എനിക്ക് തീരട്ടെ. അങ്ങനെ എന്റെ നിത്യതയിലേക്കുള്ള യാത്ര നന്നായി, ആഴമായി ഒരുങ്ങേണ്ടത് എപ്രകാരമായിരിക്കണമെന്ന് ചിന്തിക്കുവാനും അതിനായി പരിശ്രമിക്കുവാനും എന്നെ സഹായിക്കണമെ. ആമേൻ.**





# സ്നേഹത്തിന്റെ തണൽ



അന്തരാത്മാവിലുയരുന്ന ചിന്തകൾ
വർണ്ണനാതീതം - ഒരൽപം കുറിക്കട്ടെ
സൃഷ്ടപ്രപഞ്ചമിതെത്ര മനോഹരം
സൃഷ്ടികൾക്കെല്ലാമരുളുന്നു സന്തോഷം
ഈ നൽ പ്രപഞ്ചത്തിലെന്നെ ജനിപ്പിച്ചു
ഏറും പ്രതീക്ഷയാൽ ലാളിച്ചു പാലിപ്പൂ
സ്നേഹവും ത്യാഗവുമൂട്ടി വളർത്തുന്നു
സഹനം വിളമ്പുന്നമൃതെന്നപോലെ നീ
ജീവിതവീഥിയിൽ ക്രൂശിൻ നിഴൽകണ്ടു
ഭീതിയാലോടിയൊളിക്കുന്ന നേരത്ത്
ഇമ്പമോടെന്നോടുരചെയ്തു - താതന്റെ
തമ്പുരുവാകണം തന്ത്രിഞാൻ തീർത്തിടാം
നിന്നെ മറക്കില്ലകലില്ല - നീയെന്റെ
പൊന്നോമനയല്ലെ - കൂടെ ഞാനില്ലയോ
ശാന്തമായി നീയെന്റെ ചാരത്തിരുന്നിടിൽ
കണ്ടെത്തുമെന്നെ നിൻ ജീവിതവീഥിയിൽ
മാറാത്ത തോഴനായ് - താതനായ്, തായയായ്
താനെമറഞ്ഞു - നിറഞ്ഞു നിന്നിൽ ഞാനും
നിന്നെ എനിക്കായൊരുക്കി വാർത്തീടുവാൻ
എത്രമോഹിച്ചു ഞാൻ കാത്തുനിന്നീടുന്നു.
കാണുന്നുഞാനിന്നറിയുന്നു ദൈവമേ
നിന്നെ മറന്നു നടന്നൊരാ പാതകൾ
സ്വാർത്ഥത തിങ്ങിനിറഞ്ഞതാം ചെയ്തികൾ
ഞാനെന്നഭാവം കലർന്നതാം വാക്കതും
മോഹബിന്ദുക്കളാലെന്നന്താരാത്മാവിൽ
മോടിപിടിച്ചതാം ലോകസുഖങ്ങളും
ത്യാഗം സഹിക്കുവാനാകാതെ മാറിയ
താളം പിഴച്ചോരാ പാപവഴികളും
എല്ലാം പറഞ്ഞു കരഞ്ഞു-കനിവിന്റെ
കാരുണ്യവായ്പിലഭയം ഗമിക്കുന്നു
പാപപരിഹാര മോചകദ്രവ്യത്തെ
പാവനമാനസേ സ്വീകരിച്ചെന്നുമാ
പൂർണ്ണത നേടുവാൻ പ്രാർത്ഥനാമാല്യങ്ങൾ
സോദരസ്നേഹചരടതിൽ കോർത്തിടാം.

**അനിത ആത്രശ്ശേരിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**



# വഴിയറിയുന്നവൻ കൂടെയുണ്ട്

**ഫാ. ഷിബു പുളിക്കൽ**
കല്യാൺ രൂപത

ഒന്നാം ലോകമഹായുദ്ധം നടക്കുന്ന സമയം ജർമ്മൻ പോർ വിമാനങ്ങൾ ലണ്ടൻ നഗരത്തിനു മുകളിൽ സൂര്യഗ്രഹണം പോലുമുണ്ടാക്കി. നഗരത്തിലെ കുട്ടികളെ ഭൂഗർഭത്തിലേക്കു മാറ്റിക്കഴിഞ്ഞിരുന്നു. ഭൂഗർഭ തീവണ്ടിക്കുള്ളിലിരുന്ന് ഒരു കുട്ടി കരഞ്ഞു. അടുത്തിരുന്ന കുട്ടി കാരണം അന്വേഷിച്ചു. കരഞ്ഞുകൊണ്ട് തന്നെ കുട്ടി മറുപടി പറഞ്ഞു. "അവര് നമ്മളെ എവിടേക്കാണ് കൊണ്ടുപോകുന്നത്". കരയുന്ന കുട്ടിയെ ആശ്വസിപ്പിച്ചുകൊണ്ട് മറ്റേ കുട്ടി ഇങ്ങനെ പറഞ്ഞു: "നീ കരയാതിരിക്ക്. എവിടേക്കാണ് നമ്മളെ കൊണ്ടുപോകുന്നതെന്ന് എനിക്കും അറിയില്ല. എന്നാൽ അതൊക്കെ നമ്മുടെ രാജാവിനറിയാം".





> ഈ ലോകമാകുന്ന കപ്പലിൽ യാത്ര ചെയ്യുമ്പോൾ ഭയപ്പെടരുത്. കാരണം വഴിയറിയുന്നവൻ, നമ്മുടെ കൂടെയുണ്ട്.

രാജാവിൽ വിശ്വാസമർപ്പിച്ച കുട്ടിക്ക് ഭയമില്ല. ജീവിതത്തിൽ അസ്വസ്ഥതപ്പെടുന്നവരോടും പരിഭ്രമിക്കുന്നവരോടും ഈശോ പറയുന്നു: "നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട, ദൈവത്തിൽ വിശ്വസിക്കുവിൻ. എന്നിലും വിശ്വസിക്കുവിൻ" (യോഹ 14,1). 1 പത്രോസ് 5:7-ൽ നമ്മൾ വായിക്കുന്നു: "നിങ്ങളുടെ ഭാരങ്ങളെല്ലാം കർത്താവിനെ ഏൽ പിക്കുക. അവിടുന്ന് നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്". പാതിരാസമയം. കപ്പൽ അപകടത്തിൽപ്പെട്ട വാർത്ത കേട്ടപ്പോൾ കപ്പൽ ജോലിക്കാരും, യാത്രക്കാരും ഭയപ്പെട്ടു നിലവിളിക്കാൻ തുടങ്ങി. യാത്രക്കാരെല്ലാരും ഉണർന്നു. ഒരു കുട്ടി അപ്പോഴും മൂടിപ്പുതച്ചു കിടന്നുറങ്ങുന്നു. യാത്രക്കാരിലൊരാൾ കുട്ടിയെ വിളിച്ചുണർത്തി. കുട്ടി അല്പം ആശങ്കയോടെ ചോദിച്ചു. "എന്റെ ഡാഡി തന്നെയല്ലേ ഇപ്പോഴും കപ്പലോടിക്കുന്നത്". അവർ പറഞ്ഞു: 'അതെയതെ', ഉടനെ കുട്ടി പുതപ്പുകൊണ്ട് വീണ്ടും മൂടിപ്പുതച്ച് കിടന്നുറങ്ങി. ഉടനെ തന്നെ അറിയിപ്പ് വന്നു. "എല്ലാവരും സുഖമായി ഉറങ്ങിക്കൊൾവിൻ കപ്പൽ നിയന്ത്രണാധീനമായിരിക്കുന്നു. അപകടഘട്ടം നമ്മൾ കടന്നുകഴിഞ്ഞിരിക്കുന്നു".

ഈ ലോകമാകുന്ന കപ്പലിൽ യാത്ര ചെയ്യുമ്പോൾ ഭയപ്പെടരുത്, കാരണം വഴിയറിയുന്നവൻ, നമ്മുടെ കൂടെയുണ്ട്. ശവക്കോട്ടയുടെ അപ്പുറത്തേക്കു കടക്കുന്ന ഒരു വഴിയേയുള്ളൂ. അത് കർത്താവു മാത്രം. മിശിഹ വഴി മാത്രമല്ല, എല്ലാ പ്രശ്നങ്ങൾക്കും പരിഹാരവുംകൂടിയാണ്. മരണത്തിനപ്പുറത്തുള്ള ഒരു ഭവനം വാഗ്ദാനം ചെയ്യാൻ ഒരാൾക്കേ കഴിഞ്ഞിട്ടുള്ളു. അത് ഈശോമിശിഹായാണ്. ഈശോ പറഞ്ഞു: "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" ഈശോയാകുന്ന വഴിയിലേക്ക് കടന്നുവന്ന്. സത്യവും ജീവനും നമുക്ക് സ്വീകരിക്കാം.



## വിശുദ്ധവാരധ്യാനം

പ്രമുഖ ബൈബിൾ പണ്ഡിതനും ദൈവശാസ്ത്രജ്ഞനും നലംതികഞ്ഞ ധ്യാനഗുരുവുമായ പെരിയ ബഹു. മല്പാൻ ഫാദർ മാത്യു വെള്ളാനിക്കലച്ചന്റെ നേതൃത്വത്തിൽ സ്പിരിച്ച്വാലിറ്റി സെന്ററിൽവച്ച് എല്ലാ വർഷവും നടത്തിവരുന്ന വിശുദ്ധവാരധ്യാനം ഈ വർഷം ഏപ്രിൽ 1-ാം തീയതി ബുധനാഴ്ച വൈകുന്നേരം 6.30 നു തുടങ്ങി 5-ാം തീയതി ഈസ്റ്റർ തിരുക്കർമ്മങ്ങളോടെ അവസാനിക്കുന്നു. ഇതിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മാർച്ച് 20 നു മുമ്പായി രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

**വിശദവിവരങ്ങൾക്കായി ബന്ധപ്പെടുക:**
**0481 2578192; 9497667232**



**പ്രിയപ്പെട്ട കൂട്ടുകാരെ, ഈശോയുടെ പീഡാനുഭവ വിവരണങ്ങൾ വി. മത്തായി, വി. മർക്കോസ്, വി. ലൂക്കാ എന്നീ സുവിശേഷകന്മാർ നൽകുന്നതെങ്ങനെയെന്ന് താഴെകൊടുത്തിരിക്കുന്ന ബോക്സിൽ നിന്നും കണ്ടെത്തൂ....**

1. യോസേയുടെ അമ്മയുടെ പേര്?
2. മനുഷ്യാ, നീ പറയുന്നത് എന്താണെന്ന് എനിക്കറിഞ്ഞുകൂടാ എന്ന് പറഞ്ഞ ശിഷ്യൻ?
3. “ഇപ്പോൾ മുതൽ മനുഷ്യപുത്രൻ ദൈവശക്തിയുടെ വലത്തുവശത്ത് ഇരിക്കും” എന്ന് രേഖപ്പെടുത്തിയിരിക്കുന്ന പഴയനിയമ ഗ്രന്ഥം?
4. അലക്സാണ്ടറിന്റെ പിതാവിന്റെ പേര്?
5. ഈശോയുടെ കുരിശു ചുമക്കാൻ സഹായിച്ച ശിമയോന്റെ ജന്മദേശം?
6. പുതിയ ഉടമ്പടി സ്ഥാപിച്ചശേഷം ഈശോയും ശിഷ്യന്മാരും എങ്ങോട്ടാണ് പോയത്?
7. ശിഷ്യന്മാരെല്ലാവരും ഈശോയെ വിട്ട് ഓടിപ്പോയപ്പോൾ അവനെ അനുഗമിച്ചതാരാണ്?
8. ‘യഹൂദരുടെ രാജാവ്’ എന്ന ലിഖിതത്തിന് മർക്കോസ് സുവിശേഷകൻ നൽകിയിരിക്കുന്ന വിശേഷണം?
9. മുപ്പത് വെള്ളിനാണയങ്ങളെടുത്ത് കുശവന്റെ പറമ്പിനായി അവർ കൊടുത്തു എന്ന് പ്രസ്താവിച്ചിരിക്കുന്ന പ്രവാചകൻ?
10. ഈശോയെ കല്ലറയിൽ സംസ്കരിച്ചതാര്?

| | | | | | | |
|---|---|---|---|---|---|---|
| യ | നം | കു | | സ് | വ് | നാ |
| മി | ത്ത | റ്റ | ത്രോ | വാ | റേ | |
| റ | ർ | പ | യൂ | കി | ല | |
| ജെ | ങ്കീ | ത്രം | ശി | മ | യോ | ൻ |
| ജോ | സ | ഫ് | വു | റി | | റ് |
| | ന് | ലി | | യം | ആ | |
| മു | ഒ | | ഫി | ലാ | ത്തോ | സ് |

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ലഭിക്കുന്ന ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി - ഏപ്രിൽ 30).
**അയയ്ക്കേണ്ട വിലാസം:** പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018



തയ്യാറാക്കിയത്: ജെസ്മി പാണ്ടിക്കുന്നേൽ

**കഴിഞ്ഞ ലക്കത്തിലെ വിജയി-സെനീറ്റാ സെബാസ്റ്റ്യൻ ഇത്തിത്താനം**







**ബാലനോവൽ – 3**

# ആത്മാവിൽ ദരിദ്രർ





**സ്റ്റെഫി മംഗലത്തുകുന്നേൽ**

കൊച്ചുനാളിലേതന്നെ എല്ലാം അമ്മച്ചിയോടു പറഞ്ഞു ശീലിച്ച മേരിക്ക് അമ്മച്ചിയുടെ മരണശേഷവും അതു തുടരാതിരിക്കാനാവില്ലായിരുന്നു. അതുകൊണ്ടുതന്നെ മേരിയുടെയും സഹോദരങ്ങളുടെയും ജീവിതത്തിൽ തിന്മയുടെ ഒരു അംശംപോലും ഇല്ലായിരുന്നു. തെറ്റായതെന്തെങ്കിലും കണ്ടാൽ അന്നമ്മ സ്നേഹത്താലും ശാസനയാലും അവരെ തിരുത്തിയിരുന്നു. തങ്ങളുടെ ജീവിതത്തിൽ സംഭവിച്ച ഓരോ കൊച്ചുകാര്യവും വള്ളിപുള്ളി വിടാതെ അമ്മയോടു പറയുന്നതിൽ മക്കൾക്കും വലിയ ഉത്സാഹമായിരുന്നു.

വൈകിട്ടു സ്കൂളുവിട്ടു മടങ്ങുന്നവഴി ഇത്തിരി പണം എവിടെ കിട്ടുമെന്നായിരുന്നു മൂവരുടെയും ചിന്ത. ‘ഒരു ലോട്ടറിയടിച്ചിരുന്നെങ്കിൽ.... നമ്മുടെ വിഷമങ്ങളെല്ലാം തീർന്നേനെ’. അഞ്ചാം ക്ലാസ്സുകാരൻ റ്റോമിയുടേതാണ് കമന്റ്. ‘വേണ്ട റ്റോമിച്ചാച്ചാ, കഷ്ടപ്പെടാതെ കിട്ടുന്ന പണംകൊണ്ട് സന്തോഷമായി ജീവിക്കാനാവില്ലെന്ന് മേരിചേച്ചി പറഞ്ഞുതന്നിട്ടില്ലേ?’

‘ദേ ഒരു പൊതി കിടക്കുന്നു. ആരുടെയെങ്കിലും കൈയിൽനിന്നും നഷ്ടപ്പെട്ടുപോയതാവും’. വഴിയിൽ കിടന്ന പൊതിയെടുത്തുകൊണ്ട് ആനി പറഞ്ഞു: ‘പണമായിരിക്കും’. ‘അതെ പണം തന്നെ.... കണ്ടോ ഞാൻ പറഞ്ഞില്ലേ, കർത്താവു നമ്മുടെ പ്രാർത്ഥന കേട്ടു’. റ്റോമി സന്തോഷംകൊണ്ട് മതിമറന്നു. ‘നമ്മുടെ പ്രശ്നങ്ങളെല്ലാം ഇതോടെ തീരും’. പ്രത്യാശയും സന്തോഷവും നിറഞ്ഞ വാക്കുകളായിരുന്നു റ്റോമിയുടേത്. ‘ആനിചേച്ചി നമുക്കിത് ഇവിടെത്തന്നെ വയ്ക്കാം. അന്യന്റെ മുതൽ നമുക്കുവേണ്ട’. രണ്ടാം ക്ലാസ്സുകാരി മിനിമോളുടെ വാക്കുകളിൽ ഭയം നിഴലിച്ചിരുന്നു. ആനി എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങി. (തുടരും...)

കൂട്ടുകാരേ, ‘വിശുദ്ധിയുടെ മുത്തുകളിലേക്ക്’ നിങ്ങളുടെ രചനകളെയും സ്വാഗതം ചെയ്യുന്നു. നല്ല സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ചെറുകഥകളും കുട്ടിക്കവിതകളും സത്ചിന്തകളും, ഒരു പേജിൽ കവിയാതെ *പ്രതീക്ഷയുടെ പൂമൊട്ടുകൾക്ക്* അയച്ചുതരിക. സാധ്യമെങ്കിൽ ഫോട്ടോയും. യോഗ്യമായവ പ്രസിദ്ധീകരിക്കുന്നതാണ്.




# The Joy of Suffering

**Bro. Naveen Plackalil**
Mar Thoma Sleeha Centre, Niranam

Nikos Kazantzakis in his novel "Report to Grew" narrates a story. There was once a great King, who lived in the lap of luxury and all physical comforts. He was very handsome and loved to eat and make revels. One day he went to a monastery, where he saw an ascetic. The King told the monk: "Father, what a great sacrifice are you making!" The monk replied, "your sacrifice is greater King, for I have renounced the physical world but you have renounced eternal heaven". When the glitter and splendour of this world dazzles our eyes suffering and renunciation become a story of the yester years. Bible tells the history of certain people who have renounced the world's happiness and embraced suffering, thus making their way to heaven.

In the Season of Lent, we reflect on Paschal events – the passion, crucifixion and death of Jesus. The flogging by the soldiers of Pilate (Mt 27:26), the carrying of cross (Jn 19,17), thrusting the nails to his hands (Jn 20,25) and his painful death (Mt 27,35) are all sorrowful images of Jesus' suffering. It is through suffering that Jesus redeemed the world. His suffering is salvific. Fulton J. Sheen says, "Once I asked Jesus, how much do you love me?" Jesus said: "This much". He stretched his hands and the next moment Sheen saw Jesus on the cross, stretching his hands and dripping blood. So it is love and love alone that prompted Christ to suffer.

Suffering is of two forms. First is the one that we willingly take upon – giving up our small pleasures, observing fasts etc. The second is the one which we undergo without our consent or will, like a sudden illness, mental worries from our dear ones etc. Suffering of any form, when endured with love becomes salvific. We must feel that we suffer with suffering Jesus. Like Simon, who helped Jesus by lifting his cross, our pains too when inspired with love would reduce the pain of Jesus. In Lent, our sacrifices, penances etc. should help us to enjoy in the memory of Christ's suffering.

**A Matter of Joy**

A pregnant woman cries out in pain while giving birth to her child. The pain of giving birth is very excruciating. But when the baby is born, she smiles with tears rolling down her eyes. The end of every suffering is joy. It is not an abyss of pain and dismal. If suffering ends in joy, in the salvific plan of God, it is surely a matter of joy. It is often told that he who knows the why of suffering, knows the how of suffering. We can only find the answer of suffering in the cross, which helps us to endure it. This Lent urges us to celebrate the joy of the cross.

In the light of the Gospel, even the suffering of persecution is a matter of joy. "Blessed are you when men revite you and persecute you… Rejoice and be glad for your reward is great in heaven" (Mt 5:11-12). In these days people run after all comforts and try to avoid any means of suffering. Modern science has indeed gifted us with many gadgets which reduces our efforts and increases our comforts. To those who run away from suffering and cross, the Holy Bible challenges them to "rejoice and be glad", fixing the eyes on the great reward in heaven. It is this reward which is the matter of joy.

St. John of the Cross prays, "to suffer and to be despised for thee, my Lord", this yearning for suffering has transformed ordinary people to saints. St. Alphonsa drank her cup of suffering with a smile. Maximillian Colbe when put in prison with other prisoners to starve to death, took up all the pains with Christian zeal and also helped his fellow prisoners to pray and forgive the authorities. It is a matter of our choice to connect our pains and sorrows to salvific suffering.

St. Little Flower says, "I am a ball of Child Jesus, a toy of no value. He can throw it on a ground, kick it about, make a hole in it, leave it lying in a corner or press it to his heart". If he gives you sorrows and makes you to suffer, it is an indication of his love towards you. Let this understanding of love help us to find the joy and suffering.



വിശുദ്ധരോടൊപ്പം

# സ്നേഹത്തിനായൊരു രക്തസാക്ഷി

## വാഴ്ത്തപ്പെട്ട ജ്യൂസെപ്പേ ഗിരോത്തി

**ജിജി പുല്ലത്തിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

“**സി**സ്റ്ററേ, നോക്കിക്കേ... മീനു എഴുതിയ കവിത. വാഴ്ത്തപ്പെട്ട ജ്യൂസെപ്പേയെപ്പറ്റിയാണ്.. ഞാൻ പാടട്ടെ സിസ്റ്ററേ... വടിവൊത്ത അക്ഷരത്തിലെഴുതിയ കവിത അഖില ഈണത്തിൽ വായിച്ചു.

സ്നേഹത്തിനുവേണ്ടിയൊരു രക്തസാക്ഷി
സ്നേഹശീലനാം ജ്യൂസെപ്പേ ഗിരോത്തിയല്ലോ
വാഴ്ത്തപ്പെട്ട ഗിരോത്തിതൻ ജീവിതം
സ്നേഹത്തിനായി മാത്രമല്ലോ വിളങ്ങി

എന്തുചെയ്താലുമത് സ്നേഹംമൂലമെ-
ന്നായിരം ആവർത്തി പറഞ്ഞ മഹാനല്ലോ
ഡക്കാവു ക്യാമ്പിലും പീഡിപ്പിച്ചവരോട്
സ്നേഹത്തിൻ മാഹാത്മ്യം അരുളി

വൈദികനെന്ന നിലയിലാ ഗിരോത്തി
നിന്ദ്യമാമനുഭവങ്ങൾ സഹിച്ചല്ലോ
ടൂറിനിൽ വച്ച് അറസ്റ്റു ചെയ്യപ്പെട്ട്
ഡക്കാവു ക്യാമ്പിലെ പീഡിതനായി

ഈ ഡൊമിനിക്കൻ സന്ന്യാസിയിങ്ങനെയരുളി:
ദരിദ്രരെയും രോഗികളെയും തന്നെയും
പീഡിപ്പിച്ചിവരെ സ്നേഹിക്കുവിൻ സഹോദരരേ
ഞാനിന്ന് അവരോട് പരമാവധിസ്നേഹമുള്ളവനാണ്



ജ്യേഷ്ഠസഹോദരർ യഹൂദരെ സഹായിച്ച പുണ്യവാ
നല്ലോ ഈ ഫാദർ ഗിരോത്തി
തടവിലാണെങ്കിലും പതിവായി രാവിലെ
ബൈബിൾ പഠിച്ചു മനസ്സിലാക്കി

ക്രൈസ്തവ ഐക്യത്തിനായുള്ള ദാഹ-
മത് ഗിരോത്തിയിൽ ആവേശമേകി
ഒരീസ്റ്റർദിനത്തിലാ ഫാസിസ്റ്റുകാരാ-
മഹാനെ വധിച്ചത് എത്രപാപം

ഗിരോത്തിതൻ വിശുദ്ധിയതറിഞ്ഞൊരു-
നല്ലവൻ വിശുദ്ധനാണദ്ദേഹമെന്നെഴുതി
രക്തസാക്ഷിയാം ഗിരോത്തിതൻ വിശുദ്ധിയി-
ന്നിപ്പോൾ സഭയുമത് അംഗീകരിച്ചുവല്ലോ

അത്ഭുതാദരങ്ങളോടെ കുഞ്ഞുങ്ങളെ നോക്കി നിന്നപ്പോൾ അനീറ്റാ പറഞ്ഞു: “സിസ്റ്ററേ, എനിക്കും അറിയാം ജ്യൂസെപ്പേയെ... സമ്മാനം എനിക്കും വേണം”.

“മോൾക്കെന്തറിയാം ജ്യൂസെപ്പേയെപ്പറ്റി?”


ഒരു പ്രത്യേക ഈണത്തിൽ അവൾ കാണാപാഠം പറയാൻ തുടങ്ങി... “ഞാൻ എല്ലാം ചെയ്യുന്നത് സ്നേഹം മൂലമാണ്”. ജീവിതകാലത്തുടനീളം ഫാ. ജ്യൂസെപ്പേ ഗിരോത്തി പറഞ്ഞിരുന്ന വാക്കുകളാണിവ. ഡെക്കാവു കോൺസൻട്രേഷൻ ക്യാമ്പിൽ തന്നെ പീഡിപ്പിച്ചവരോടും അദ്ദേഹം ഇതുതന്നെ പറഞ്ഞു. മാരകമായ കുത്തിവയ്പ്പിനാൽ 1945 ലെ ഈസ്റ്റർദിനത്തിലാണ് ഈ ഡൊമിനിക്കൻ വൈദികനെ ഫാസിസ്റ്റുകൾ വധിച്ചത്. അദ്ദേഹത്തിന്റെ വിശുദ്ധി ഉടനെതന്നെ അംഗീകരിക്കപ്പെട്ടിരുന്നു. ഒരു സഹതടവുകാരൻ അദ്ദേഹത്തിന്റെ കട്ടിലിന്റെ ഒരു വശത്ത് ഇങ്ങനെ എഴുതി: “വിശുദ്ധ ജ്യൂസെപ്പേ ഗിരോത്തി”.

രക്തസാക്ഷിയായ അദ്ദേഹത്തിന്റെ വിശുദ്ധിയെ ഇപ്പോൾ 70 വർഷങ്ങൾക്കുശേഷം സഭയും അംഗീകരിക്കുന്നു. ഇറ്റലിയിലെ ആൽബാ കത്തീഡ്രലിൽ 2014 ഏപ്രിൽ 26 ശനിയാഴ്ച നടന്ന ചടങ്ങിൽവച്ച് ഫാ. ജ്യൂസെപ്പേ ഗിരോത്തിയെ സഭയിൽ വാഴ്ത്തപ്പെട്ടവനായി നാമകരണംചെയ്തു. ഇവിടെവച്ചാണ് 1905 ജൂലൈ 30 ന് അദ്ദേഹം മാമ്മോദീസാ സ്വീകരിച്ചത്. 1944 ഓഗസ്റ്റ് 29 ന് ടൂറിനിൽവച്ചാണ് ഫാ. ഗിരോത്തി അറസ്റ്റു ചെയ്യപ്പെട്ടത്. ഡക്കാവിലെ ക്യാമ്പിൽ കഠിനമർദ്ദനങ്ങൾ സഹിച്ച് നിരവധി മാസങ്ങൾ ഒരു വ്യക്തിയും വൈദികനുമെന്ന നിലയിൽ അതീവ നിന്ദ്യമായ അനുഭവങ്ങൾക്കു പാത്രമായി. ടൂറിനിലെയും സമീപപ്രദേശങ്ങളിലെയും യഹൂദരെ നാസികളും ഫാസിസ്റ്റുകളും കോൺസൻട്രേഷൻ ക്യാമ്പിലേക്ക് പറഞ്ഞയച്ചുകൊണ്ടിരുന്നപ്പോൾ അപകടസാദ്ധ്യത ഭയപ്പെടാതെതന്നെ അവരെ സംരക്ഷിക്കുവാൻ ഫാ. ഗിരോത്തി സന്നദ്ധനായി. തടവിലായിരുന്ന കാലത്ത് അദ്ദേഹം ഏറെ പീഡിപ്പിക്കപ്പെട്ടു. എങ്കിലും അദ്ദേഹം എല്ലാ ദിവസവും രാവിലെ മറ്റു വൈദികരെ പാർപ്പിച്ചിരുന്ന ബ്ലോക്കിലെത്തി ദിവ്യബലിയിൽ സംബന്ധിക്കുകയും സമയം കിട്ടുമ്പോഴെല്ലാം ബൈബിൾ പഠിക്കുകയും ചെയ്തു. അറിയപ്പെടുന്ന ബൈബിൾ വ്യാഖ്യാതാവായിരുന്നു ഫാ. ഗിരോത്തി. അദ്ദേഹം ക്രൈസ്തവ ഐക്യത്തിനുവേണ്ടിയുള്ള ദാഹത്താൽ നിറഞ്ഞിരുന്നു.

വിശുദ്ധ ലിഖിതങ്ങൾ പ്രാർത്ഥനാചൈതന്യത്തെ ഉണർത്തുന്നു; ബൈബിളിൽനിന്നു ലഭിച്ച അനുദിന ഭോജ്യം മൂലം ഫാ. ഗിരോത്തിക്ക് ഒരിക്കലും ആത്മാവിലുള്ള പ്രശാന്തതയുടെ സന്തോഷം നഷ്ടപ്പെട്ടിരുന്നില്ല.

സ്നേഹത്തിനുവേണ്ടി ഞങ്ങളും രക്തസാക്ഷികളാകും എന്നു പറഞ്ഞ് കുട്ടികൾ പ്രതിജ്ഞാഗാനം ഏറ്റുപാടി. സമ്മാനത്തിനുവേണ്ടിയാണെങ്കിലും അവരുടെ അധ്വാനവും അവതരണവും ഏറെ ആഹ്ലാദമുണർത്തി.

കുടുംബ വിശുദ്ധി - 6



# ലഹരി വിതയ്ക്കുന്ന നാശം

മിനി വന്യംപറമ്പിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

*"ലഹരി പാനീയങ്ങളുടെ പിന്നാലെ ഓടാൻവേണ്ടി അതിരാവിലെ ഉണരുകയും വീഞ്ഞു കുടിച്ചു മദിക്കാൻവേണ്ടി ഉറങ്ങാതിരിക്കുകയും ചെയ്യുന്നവർക്കു ദുരിതം" (ഏശയ്യ 5,11)*

കുടുംബജീവിതത്തെ താറുമാറാക്കുന്ന, ദാമ്പത്യബന്ധത്തെ തകിടംമറിക്കുന്ന സാഹോദര്യബന്ധങ്ങളെ ഉലയ്ക്കുന്ന വലിയവിപത്താണ് മദ്യം. വിശുദ്ധിക്കു കളങ്കം ചാർത്തുന്ന ലഹരിപാനീയങ്ങളും വസ്തുക്കളും മനുഷ്യനെ അവന്റെ ശാരീരിക, മാനസിക, ആത്മീയതലങ്ങളെ ഒന്നുപോലെ ബാധിക്കുന്നു. ഇന്ന് ഏതൊരാഘോഷങ്ങൾക്കും മേമ്പൊടിയായി ലഹരിവിഭവങ്ങളുടെ സാന്നിധ്യമുണ്ട്. ആത്മീയതയ്ക്കും ഭൗതികതയ്ക്കും ഒന്നുപോലെ വിനാശം വരുത്തുന്ന ഈ പൈശാചികശക്തിയെ നിർമൂലനം ചെയ്യണമെങ്കിൽ ഓരോ വ്യക്തിയും സ്വന്തം തീരുമാനത്തിലൂടെ അത് പ്രാവർത്തികമാക്കണം. ഗവൺമെന്റോ കോടതിയോ നിർത്തലാക്കണമെന്നു പറഞ്ഞാലും വ്യക്തികളാണ് അന്തിമതീരുമാനം എടുക്കേണ്ടത്. "സ്വന്തം കണ്ണിലെ തടിക്കഷണം കാണാതിരിക്കെ, സഹോദരാ, നിന്റെ കണ്ണിലെ കരട് ഞാൻ എടുത്തുകളയട്ടെ എന്നു പറയാൻ നിനക്ക് എങ്ങനെ കഴിയും? കപടനാട്യക്കാരാ, ആദ്യമേ നിന്റെ കണ്ണിലെ കരട് എടുത്തുകളയുക. അപ്പോൾ നിന്റെ സഹോദരന്റെ കണ്ണിലെ കരട് എടുത്തുകളയാൻ കഴിയത്തക്കവിധം നിന്റെ









കാഴ്ച തെളിയും" (ലൂക്കാ 6,42). സ്വയം മാറ്റത്തിനു വിധേയമാകാനുള്ള വലിയ ആഹ്വാനം സഭാമാതാവ് ആരാധനവത്സരമാകുന്ന ഈ നോമ്പുകാലത്തിൽ നമുക്കു നല്കുന്നു. മാറ്റത്തിന്റെ - മാനസാന്തരത്തിന്റെ - നവീകരണത്തിന്റെ അലയടികൾ എന്നിൽ - നമ്മിൽ - നമ്മുടെ കുടുംബങ്ങളിൽ ഉയരണം. സന്തോഷസമാധാനത്തിന്റെ, സാഹോദര്യ ഐക്യത്തിന്റെ ഒന്നിപ്പ് കുടുംബബന്ധത്തെ ദൃഢീകരിക്കും. ഒരു ത്യാഗത്തിന്റെ, ത്യജിക്കലിന്റെ, ക്ഷമയുടെ, സ്നേഹത്തിന്റെ, എളിമയുടെ, സംലഭ്യതയുടെ ഒക്കെയൊരു പടികൂടി കടന്ന് വിശുദ്ധിയുടെ പാത കടക്കാനുള്ള കഠിനപരിശ്രമം സ്വായത്തമാക്കുകയെന്നതാണ് കരണീയം.

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ആസക്തികളാൽ കലുഷിതമായ ഈ തലമുറയിൽ തകർന്നടിയുന്ന കുടുംബങ്ങൾ ഏറെയുണ്ട്. ആരും കാണാത്ത കണ്ണീരിന്റെയും കയ്പാർന്ന കദനകഥകളുടെയും ഭാരംപേറുന്നവർ അനേകരാണ്. മരവിച്ച മനസുമായി മൗനമാർന്ന ജീവിതങ്ങളുമായി അകത്തളങ്ങളിൽ എത്രയെത്ര തേങ്ങലുകൾ അമർന്നുയരുന്നു... ഇന്ന് എൽ.കെ.ജിയിലെ കുഞ്ഞിനുമുണ്ട് ഒരുപിടി ദുഃഖസത്യങ്ങൾ. അവർക്കും വേണമിന്ന് കൗൺസിലിങ്ങുകൾ... കുടിച്ചുകൂത്താടി സ്വന്തം മക്കൾക്കും അതിന്റെ ഒരു പങ്ക് പകർന്നുകൊടുക്കാനും, പോരാ, കൈക്കുഞ്ഞിന്റെ നാവിൽവരെ തൊട്ടുകൊടുക്കാനും മടിക്കാത്തവർ... വളരുന്ന മക്കളെ അന്ധകാരത്തിന്റെ ആഴിയിലേക്ക് തള്ളിവിടുന്ന ശോചനീയകാഴ്ചകളും മനുഷ്യമനഃസാക്ഷിയെ ഞെട്ടിക്കുന്ന സത്യങ്ങളാണ്. ഇന്നത്തെ യുവതീയുവാക്കന്മാർ അറിഞ്ഞും അറിയാതെയും അകപ്പെടുന്ന കെണികളും കുരുക്കുകളുടെ നൂലാമാലകളും ഏറെയാണ്. മകനും മകൾക്കും അവശ്യാവശ്യസമയത്ത് പണം നല്കി അവരുടെ പഠനാവശ്യമെന്നു കരുതി ആശ്വസിക്കുന്ന മാതാപിതാക്കളേ, നിങ്ങൾ വെറും എ.റ്റി.എം. ആയി മാറരുത്. അവർ ഈ പണം എന്തിന് വിനിയോഗിക്കുന്നു? അവരുടെ കൂട്ടുകാർ ആരൊക്കെ? അവരുടെ പഠനനിലവാരം എവിടെ നില്ക്കുന്നു? എന്നൊക്കെ അന്വേഷിക്കേണ്ടതാവശ്യമാണ്. അവരുടെ നിഴലായി കൂടെ ഉണ്ടാവുക അതായത് ഒരു കണ്ണ് അവരുടെമേൽ ഉണ്ടാവുക എന്നർത്ഥം! സമയാസമയങ്ങളിൽ ഈ ശ്രദ്ധയുണ്ടെങ്കിൽ നിങ്ങളുടെ മക്കൾ നിങ്ങൾക്കു നഷ്ടമാവില്ല. അല്ലെങ്കിൽ മക്കൾ എന്നല്ല അവരുടെ ആത്മാവുപോലും നഷ്ടമായെന്നിരിക്കാം.

നന്നായി പഠിക്കുന്ന ഒരു പെൺകുട്ടി, അവളുടെ പ്ലസ് ടു പഠനം കഴിഞ്ഞ് ഹയർ സ്റ്റഡിയ്ക്കായി ബാംഗ്ളൂർ നഗരത്തിലേക്കു പോയി. ആദ്യമൊക്കെ നന്നായി പഠനം നടന്നു. സാമ്പത്തികമായി അത്ര മുമ്പന്തിയിലല്ലായിരുന്നു അവളുടെ കുടുംബം. മൂന്നാം വർഷംമുതൽ പണത്തിന്റെ ആവശ്യം ഏറിവന്നുതുടങ്ങി. വീട്ടുകാർ അരമുറുക്കിയും കഠിനാധ്വാനം ചെയ്തും ആവശ്യാവശ്യം പണം നല്കിപ്പോന്നു. അവസാനം ഇതൊന്നും തികയാതെവന്നപ്പോൾ വീട്ടുകാരറിയാതെ അവൾ തന്റെ ആഭരണങ്ങൾ ഓരോന്നായി വിറ്റു. കൂട്ടുകാരുടെ കൂടെ ആടിത്തിമിർക്കാൻ ഇതൊന്നും തികയാതെവന്നു, കടം മേടിച്ചുതുടങ്ങി. അവസാനം ഒരു ഭീമമായ തുകയായി. വീട്ടുവാൻ നിർവാഹമില്ലാതെ അവൾ തിരിയെ വീട്ടിൽ വന്നു. അവിചാരിതമായി വന്നുകയറിയ മകളെ കണ്ട് മാതാപിതാക്കൾ അമ്പരന്നു. വന്നതിലല്ല, മറിച്ച് അവളുടെ പ്രകൃതം കണ്ട്. കോളേജിൽ ഫീസ് അടയ്ക്കാൻ രൂപവേണം. അതു കൊണ്ടുപോകാനാണ് വന്നത്. അവൾക്കാവശ്യമായ തുക എത്രയെന്നറിഞ്ഞ മാതാപിതാക്കൾ അമ്പരന്നുപോയി. വീട്ടിൽ വന്ന അവളുടെ സംസാരത്തിലും പെരുമാറ്റത്തിലും ഒക്കെ വ്യത്യാസം. ആരോടെന്നില്ലാത്ത ദേഷ്യം, പിടിവാശി. ഇത്രയേറെ തുക ആവശ്യമോ എന്നു ചിന്തിച്ച മാതാപിതാക്കൾ രഹസ്യത്തിൽ അന്വേഷിച്ചപ്പോഴാണ് സത്യാവസ്ഥ മനസിലാക്കാൻ കഴിഞ്ഞത്. ക്ലാസിൽ കയറിയിട്ട് മാസങ്ങളായി. അവൾ മയക്കുമരുന്നിന് അടിമയാണ്. കൂട്ടുകാരുമായി ചുറ്റിക്കറങ്ങലാണ്. പോയാൽ ദിവസങ്ങൾക്കുശേഷമാണ് തിരിച്ചെത്തുക. എങ്ങനെയെങ്കിലും അവളെ രക്ഷിക്കാൻ മാതാപിതാക്കൾ തീരുമാനിച്ചു. തന്റെ ജീവിതരഹസ്യങ്ങൾ മാതാപിതാക്കളറിഞ്ഞു എന്നു മനസിലാക്കിയ അവൾ തന്റെ ജീവൻ നശിപ്പിച്ചു. അവളെ രക്ഷിക്കാനുള്ള മാതാപിതാക്കളുടെ ശ്രമം വളരെ വൈകിപ്പോയി..

പരിഷ്കാരങ്ങൾക്ക് നാഗരികതയും മദ്യലഹരിയും കൂടിയേ തീരൂ എന്നു വിചാരിച്ച് മദ്യത്തെ ഉന്മാദലഹരിയായി കരുതുന്നവർ... ജീവിതപ്രശ്നങ്ങളെ പരിഹരിക്കാൻ, ജീവിതഭാരം കുറയ്ക്കാൻ, സാമ്പത്തികനഷ്ടങ്ങളെയോ, മാനസികനൊമ്പരങ്ങളെയോ അകറ്റാമെന്ന മിഥ്യാധാരണയാൽ, മദ്യ

ത്തിനും മയക്കുമരുന്നുകൾക്കും മറ്റും അടിമയാകുന്നവർ... ഉത്തേജനവും പ്രചോദനവും നല്കുന്നത് ലഹരിയുടെ അനുഭൂതിയാണ് എന്നു കരുതുന്ന കവികളും കലാകാരന്മാരും... കാരണം കുടുംബത്തിൽ അസ്വസ്ഥതയ്ക്കും അസ്വാരസ്യങ്ങൾക്കും അസ്വാതന്ത്ര്യത്തിനും ദാമ്പത്യബന്ധങ്ങൾ അറ്റുപോകുന്നതിനും ലഹരി കാരണമാകുന്നു.  മാത്രമല്ല സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്കും ഇത് ഇടയാകാം. അതിനാലാവണം മഹാത്മജി ഇപ്രകാരം പറഞ്ഞത്: "മദ്യപാനം വ്യഭിചാരത്തെയും മോഷണത്തെയുംകാൾ നീചമായ തിന്മയാണ്". എല്ലാ രോഗങ്ങളും മനുഷ്യനെ ദൈവത്തോട് അടുപ്പിക്കുന്നു. എന്നാൽ മദ്യപാനം ഒരു വ്യക്തിയെ ദൈവത്തിൽ നിന്ന് അകറ്റിക്കളയുന്നു. ദൈവത്തോട് ചേർന്നുനില്ക്കാൻ സഭ നമുക്കുമുന്നിൽ നല്കുന്ന നോമ്പിന്റെ ഈ അവസരം സമുചിതമായി സ്വീകരിക്കാം. "സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയാൽ നിങ്ങളുടെ മനസ്സു ദുർബലമാവുകയും ആ ദിവസം ഒരു കെണിപോലെ പെട്ടെന്നു നിങ്ങളുടെമേൽ വന്നു വീഴുകയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുവിൻ" (ലൂക്കാ 21,34).

വി. പൗലോസ് ശ്ലീഹാ പറയുന്നുണ്ട് മദ്യപാനം ജഡികമായ തിന്മയാണ്; മദ്യപർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന്. വാസ്തവത്തിൽ ലഹരി വ്യക്തിയിൽ ഉളവാക്കുക വിഷാദവും മന്ദതയും ക്ഷീണവും മാത്രമല്ല, മറിച്ച് സുബോധം നഷ്ടപ്പെടാനും അവിവേകമായി പെരുമാറാനും ഇതു വഴിതെളിക്കുന്നു. പലപ്പോഴും വിലക്കുകൾ ലംഘിച്ച് പല അപകടങ്ങളും വരുത്തിവയ്ക്കാനും പരിസരം മറന്ന് എന്തും വിളിച്ചു കൂവാനും മദ്യപന്മാർ മടിക്കില്ല. വ്യക്തിയുടെ ആരോഗ്യവും സത്പ്പേരും കുടുംബത്തിന്റെ സാമ്പത്തികഭദ്രതയും ലഹരിവസ്തുക്കളുടെ ഉപയോഗം നശിപ്പിക്കും. "മദ്യപാനിയായ ഒരു തൊഴിലാളി ഒരിക്കലും ധനികനാവുകയില്ല" എന്ന് പ്രഭാഷകന്റെ പുസ്തകം 19:1 സാക്ഷിക്കുന്നു: "നിങ്ങൾ വീഞ്ഞു കുടിച്ച് ഉന്മത്തരാകരുത്. അതിൽ ദുരാസക്തിയുണ്ട്. മറിച്ച് ആത്മാവിനാൽ പൂരിതരാകുവിൻ" (എഫേ.3,19). ലഹരിവസ്തുവിന് അടിമയാകുന്നവർ പണം ധൂർത്തടിച്ചു തീർക്കുമ്പോൾ പിന്നെ പണത്തിനായി സ്വർണം, വീട്ടുപകരണങ്ങൾ, വസ്തുവകകൾ എല്ലാംവിറ്റ് പ്രശ്നം രൂക്ഷമാകുന്നു. വിദ്വേഷവും പകയും മൂത്ത് കുടുംബകലഹങ്ങളിലേക്ക് - പരസ്പരം കാണാനോ കേൾക്കാനോ, എന്തിനേറെ സാന്നിധ്യംപോലും അരോചകമായി, വ്യക്തിവൈരാഗ്യത്തിലേക്കും കൊലപാതകത്തിലേക്കും കടന്നുചെല്ലാനിടയാകുന്നു. സുഭാഷിതങ്ങളിലെ വാക്കുകൾ ഇവിടെ സ്മർത്തവ്യമാണ്. "മദ്യപിക്കുമ്പോൾ അവർ കല്പനകൾ മറക്കുകയും കഷ്ടപ്പെടുന്നവരുടെ അവകാശങ്ങൾ അവഗണിക്കുകയും ചെയ്യും" (സുഭാ 31,5): അമിതമായി വീഞ്ഞുകുടിക്കുകയും മാംസം ഭക്ഷിക്കുകയും ചെയ്യുന്നവരുടെ കൂട്ടത്തിൽപെടരുത്. എന്തെന്നാൽ മദ്യപനും ഭോജനപ്രിയനും ദാരിദ്ര്യത്തിലകപ്പെടും. മത്തുപിടിച്ച് മയങ്ങുന്നവന് കീറത്തുണിയുടുക്കേണ്ടിവരും" (സുഭാ 23,20-21).

ഒരു വീട്ടമ്മ പറഞ്ഞത് ഓർമ്മവരുന്നു, എന്റെ ഭർത്താവ് കുടിച്ചാൽ പിന്നെ പിശാചാണ്. ഞാനെന്നോ മക്കളെന്നോ ഒരു നോട്ടവുമില്ല, തല്ലിചതയ്ക്കും; കാണുന്നതെല്ലാം വലിച്ചെറിയും ഒരു പാത്രം പോലുമില്ല ഷെയ്പുള്ളത്, വഴക്കിട്ടതിനു ശേഷം തുണികളൊക്കെ തീകത്തിച്ചു നശിപ്പിക്കും. ആദ്യമൊക്കെ സഹിക്കാമായിരുന്നു... ഇപ്പോൾ അപ്പൻ വരുന്നതു കാണുമ്പോൾ ഞങ്ങൾ പറമ്പിലേക്ക് ഓടിയൊളിക്കും. വീടിനകത്തു കിടന്ന് ഉറങ്ങിയതിനേക്കാൾ കൂടുതൽ ദിനങ്ങൾ ഉറങ്ങിയത് പറമ്പിലാണ്. കുടിയുടെ കെട്ട് വിടുമ്പോൾ അദ്ദേഹത്തിന് കഴിഞ്ഞതിനെക്കുറിച്ച് ഒരോർമ്മയോ ചിന്തയോ ഇല്ല. മക്കൾക്കു പഠിക്കാൻ കഴിയുന്നില്ല അവരുടെ ഭാവിയോർത്തിട്ട് എന്റെ ഉള്ളു കത്തുകയാ... "വീഞ്ഞ് പരിഹാസകനും, മദ്യം കലഹക്കാനുമാണ്. അവയ്ക്ക് അടിമപ്പെടുന്നവർക്ക് വിവേകമില്ല" (സുഭാ. 20,1).

പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും സ്വപരിശ്രമത്തിലൂടെയും ലഹരിയെന്ന കുട്ടിപിശാചിനെ ദൂരെയകറ്റുവാൻ കഠിനമായി യത്നിച്ചുകൊണ്ട് ഓരോ കുടുംബവും ദൈവസ്നേഹചൈതന്യം നിറഞ്ഞതാകട്ടെ. വചനത്താൽ പ്രലോഭനങ്ങളെ അതിജീവിച്ച ഈശോയുടെ മാതൃക നമുക്കും സ്വീകരിക്കാം. വചനത്താൽ നിറയുന്നവരും ജീവിക്കുന്നവരുമായി, വചനം നല്കുന്ന വെട്ടത്തിലൂടെ ചരിച്ചുകൊണ്ട് വിശുദ്ധമാർന്ന ഒരു കുടുംബജീവിതത്തിന് സാക്ഷ്യംവഹിക്കുവാൻ ഓരോ കുടുംബത്തിനും സാധിക്കട്ടെ.







# വഴിമുടക്കുന്ന കഴുതകൾ

ഷിനി തെരേസ് മുതുപ്ലാക്കൽ

**"സി**സ്റ്ററേ, റോഷൻ എന്നെ കഴുതേന്നു വിളിച്ചു" കൂട്ടുകാരുടെ മുമ്പിൽ അവഹേളിക്കപ്പെട്ടതിന്റെ സങ്കടം മിലന്റെ നിറഞ്ഞ കണ്ണുകളിലുണ്ടായിരുന്നു.

"ഏയ്... ഞാൻ മിലനെ കളിയാക്കിയതൊന്നുമല്ല... അവനെഴുതിക്കൊണ്ടു വന്നിരിക്കുന്ന ലേഖനത്തിന്റെ തലക്കെട്ട് ഒന്നൂടെ ഊന്നിപ്പറഞ്ഞെന്നേയുള്ളു...." റോഷൻ നയം വ്യക്തമാക്കി.

സിസ്റ്റർ പറഞ്ഞില്ലായിരുന്നോ ബൈബിളിലെ ഏതെങ്കിലും ഭാഗം തിരഞ്ഞെടുത്ത് അതിന്റെ അടിസ്ഥാനത്തിൽ ഒരു ലേഖനമെഴു

തിക്കൊണ്ടു വരണമെന്ന്...” നിഹിലും രംഗത്തെത്തി. “റോഷൻ എഴുതിക്കൊണ്ടുവന്ന ലേഖനത്തിന്റെ പേരാ ‘വഴിമുടക്കുന്ന കഴുതകൾ’. ഞാനിത് വായിക്കട്ടെ”. മറുപടിക്കു കാത്തുനില്ക്കാതെ നിഹിൽ വായിക്കാൻ തുടങ്ങി... “സംഖ്യയുടെ പുസ്തകത്തിൽ മൊവാബിലെ പ്രഭുക്കന്മാരോടൊപ്പം യാത്രയാകുന്ന ബാലാമിന്റെ ജീവിതത്തിലെ ഒരു സംഭവം വിവരിക്കുന്നുണ്ട്. ബാലാമിന്റെ യാത്ര ദൈവഹിതപ്രകാരമല്ലാതിരുന്നതുകൊണ്ട് ആ യാത്ര തടസ്സപ്പെടുത്തിക്കൊണ്ട് കർത്താവിന്റെ ദൂതൻ ഊരിയ വാളുമായി വഴിയിൽ അവനെതിരേ നിന്നു. അതുകണ്ട് ബാലാമിന്റെ കഴുത വയലിലേക്കു ചാടി. വഴിയിലേക്കു തിരിച്ചുകൊണ്ടുവരാൻ ബാലാം അതിനെ അടിച്ചു. അപ്പോൾ കർത്താവിന്റെ ദൂതൻ മുന്തിരിത്തോട്ടത്തിൽ ഇരുവശവും മതിലുള്ള ഇടുങ്ങിയ വഴിയിൽ നിന്നു. കർത്താവിന്റെ ദൂതനെക്കണ്ട് കഴുത മതിലിനോടു ചേർന്നൊതുങ്ങി. ബാലാമിന്റെ കാൽ മതിലിൽ ഉരഞ്ഞു. അവൻ കഴുതയെ വീണ്ടും അടിച്ചു. കർത്താവിന്റെ ദൂതൻ മുന്നോട്ടുപോയി ഇടംവലം തിരിയാൻ ഇടമില്ലാത്ത ഇടുങ്ങിയ സ്ഥലത്തുനിന്നു. ദൂതനെ കണ്ടപ്പോൾ കഴുത കിടന്നുകളഞ്ഞു. കോപംകൊണ്ടു ജ്വലിച്ച ബാലാം കഴുതയെ വീണ്ടും അടിച്ചു. അപ്പോൾ സംസാരശക്തി ലഭിച്ച കഴുത സംസാരിച്ചു. ബാലാമിന്റെ കണ്ണുകൾ തുറക്കുകയും ഊരിയ വാളേന്തി വഴിയിൽ നില്ക്കുന്ന കർത്താവിന്റെ ദൂതനെ കാണുകയും ചെയ്തു. തന്നെ കണ്ടിട്ടാണ് കഴുത മൂന്നു പ്രാവശ്യവും തിരിഞ്ഞുപോയതെന്നും അങ്ങനെ വഴിമാറിയില്ലായിരുന്നെങ്കിൽ തീർച്ചയായും താൻ ബാലാമിനെ കൊല്ലുകയും അതിനെ വെറുതെ വിടുകയും ചെയ്യുമായിരുന്നു എന്ന് ദൂതൻ അവനോടു പറഞ്ഞു (സംഖ്യ 22,21-35). ഇതാണ് മിലൻ എടുത്തിരിക്കുന്ന ബൈബിൾ ഭാഗം”.

‘‘ഇങ്ങനെയൊരു കഥ ബൈബിളിലുണ്ടോ?” റോഷൻ തന്റെ അജ്ഞത മറച്ചുവച്ചില്ല.

‘സംഖ്യ’ എന്നൊരു പുസ്തകം ബൈബിളിലുണ്ടോ എന്നു സംശയിക്കാത്തതു ഭാഗ്യം എന്നാണ് മനസ്സിലോർത്തതെങ്കിലും ലേഖനത്തിന്റെ ബാക്കി കേൾക്കുവാനുള്ള ആഗ്രഹമാണ് ഞാൻ പ്രകടിപ്പിച്ചത്. മിലനാണ് ബാക്കി വായിച്ചത്.

“ജീവിതത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ വഴിയിൽ തടസ്സമായിത്തീരുന്ന കഴുതകളെ ഒരുപക്ഷേ എല്ലാവരുംതന്നെ അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ടാവാം. പ്രിയപ്പെട്ടവരുടെ അപ്രതീക്ഷിത വേർപാട്, രോഗങ്ങൾ, സാമ്പത്തികബാദ്ധ്യതകൾ, ആരും നോക്കാനോ സ്നേഹിക്കാനോ ഇല്ലാത്ത അവസ്ഥ, ജോലിയില്ലാത്ത അവസ്ഥ, തെറ്റുധാരണകൾ, ഭാവിയെക്കുറിച്ചുള്ള ആകുലതകൾ ഇങ്ങനെയിങ്ങനെ എണ്ണിയാലൊടുങ്ങാത്ത നൊമ്പരങ്ങളുടെ മാറാപ്പു ചുമലിലേറ്റി വേദനകളുടെ താഴ്‌വരയിലൂടെ യാത്രചെയ്യുമ്പോൾ എന്തുകൊണ്ട്, എന്തിന് എന്നൊക്കെ ആരും ചോദിച്ചുപോകും... ഇത്രയും എഴുതിയിട്ടു ഞാൻ നിർത്തി. ഇനി പറയാനുള്ളത് സിസ്റ്റർ പറഞ്ഞാൽ മതി”. വായന നിർത്തിക്കൊണ്ട് മിലൻ പറഞ്ഞു.

‘‘ശരിയാ, ജീവിതത്തിലെന്തെങ്കിലും ബുദ്ധിമുട്ടുകളുണ്ടാകുമ്പോൾ മിക്കവരും ഇങ്ങനെയുള്ള ചോദ്യങ്ങൾ ഉയർത്താറുണ്ട്. പിതാവുപോലും ഉപേക്ഷിച്ചുവോ എന്ന നിലവിളി കുരിശിൽനിന്നുമുയർത്തിയത് ദൈവപുത്രനായിരുന്നു എന്നു നാം മറക്കരുത്. എന്നാൽ പിതാവിന്റെ ഇഷ്ടം നിറവേറ്റുകയാണ് ഈശോ ചെയ്തത്. ഈശോയുടെ ജീവിതം മരണത്തിൽ അവസാനിച്ചില്ലല്ലോ... അവിടുന്ന് ഉത്ഥാനംചെയ്തില്ലേ... ഈശോ മരണത്തിലൂടെ മഹത്ത്വത്തിലേക്കു പ്രവേശിച്ചു. നമ്മുടെ ആഗ്രഹങ്ങൾക്കു വിരുദ്ധമായി സംഭവിക്കുന്നവയൊക്കെ വഴി മുടക്കുന്ന കഴുതകൾതന്നെയാണ്. ബാലാമിനെ മരണത്തിൽനിന്നും രക്ഷിച്ച കഴുതയെപ്പോലെ അവയും നന്മയ്ക്കു കാരണമാകുന്നുണ്ട്”. ശ്രദ്ധയോടെ കേൾക്കുവാനുള്ള








അവരുടെ താല്പര്യംകണ്ട് കുറച്ചുകൂടി കൂട്ടിച്ചേർത്തു...

“അനന്തജ്ഞാനമായ ദൈവതിരുമുമ്പിൽ വിധേയപ്പെടാൻ മാത്രമേ പരിമിതരായ മനുഷ്യർക്കാവൂ. ‘‘ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്നു സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്ന് നമുക്കറിയാമല്ലോ” (റോമാ 8,28) എന്ന പൗലോസ്ശ്ലീഹായുടെ വാക്കുകൾ, ജീവിതയാത്രയിൽ നേരിടേണ്ടിവരുന്ന തടസ്സങ്ങൾ, എല്ലാം നന്മയ്ക്കായി ക്രമീകരിക്കുന്ന ദൈവത്തിന്റെ പദ്ധതിയായി കണ്ട് സ്വീകരിക്കാനുള്ള ആഹ്വാനമാണ്. സഹനങ്ങൾ ഒരിക്കലും ഒഴിവാക്കപ്പെടേണ്ട ഒരു തിന്മയല്ല. ഒരു തുള്ളി രക്തംപോലും ചിന്താതെ മനുഷ്യകുലത്തെ രക്ഷിക്കാമായിരുന്നിട്ടും ദൈവം തിരഞ്ഞെടുത്തത് കുരിശിന്റെ വഴിയല്ലേ. ഈശോയുടെ പീഡാനുഭവവും മരണവും ധ്യാനവിഷയമാക്കുന്ന ഈ നോമ്പുകാലത്ത് നാം പരിശ്രമിക്കേണ്ടത് അവിടുന്ന് നല്കുന്ന സഹനങ്ങൾ സ്നേഹപൂർവ്വം സ്വീകരിക്കുവാനും അത് നമുക്കും മറ്റുള്ളവർക്കും നന്മയ്ക്കായി പരിണമിപ്പിക്കാനുമാണ്. ദൈവത്തിനു മാത്രമേ നമ്മുടെ ഭാവി അറിയൂ. നമ്മെ പൂർണ്ണമായി മനസ്സിലാക്കുന്ന, സ്നേഹിക്കുന്ന നല്ല തമ്പുരാന്റെ ക്രമീകരണങ്ങൾക്കുമുമ്പിൽ വിശ്വാസത്തിന്റെ കണ്ണുകൾ നമുക്കു തുറക്കാം. ഇത്രയുമൊക്കെ പറയാനിടയാക്കിയത് മിലന്റെ ലേഖനമല്ലേ... ഇനിയും എഴുതണം കേട്ടോ...”

മിലനെ അഭിനന്ദിക്കാൻ റോഷനും മറന്നില്ല. സൗഹൃദത്തിലെ സൗന്ദര്യപ്പിണക്കം മാറ്റി മൂവരും കൈകോർത്തു മുന്നോട്ടു നടന്നു.

## ഈശോ.....

ലോകമാം തറവാടിൻ
കാവലാം ഈശോനാഥാ
പാപിയാം ഞങ്ങൾ തൻ
പാപങ്ങൾ പൊറുക്കണം
എന്നെന്നും!
സത്യത്തിൻ പാതയിൽ
നടക്കാൻ അറിവിന്റെ
വെളിച്ചമാം ഈശോയെ കനിയണേ.
വിശുദ്ധിയിൽ വളരാനും
വിശ്വാസിയാകാനും പഠിപ്പിച്ച ഈശോയേ,
നിൻ ദാസിയാം എന്നെയും
അങ്ങേ മാറോടണയ്ക്കണമേ.



**Jainy Mol Joseph**
Eravinalloor

**സമർപ്പിതവർഷം**
**2014 നവംബർ 29–**
**2016 ഫെബ്രുവരി 2**




# ആനന്ദത്തിന്റെ സാക്ഷികൾ

സമർപ്പണവർഷാചരണത്തോടനുബന്ധിച്ചുള്ള പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പയുടെ ശ്ലൈഹികലേഖനമാണ് *ആനന്ദത്തിന്റെ സാക്ഷികൾ*. മാറിക്കൊണ്ടിരിക്കുന്ന ലോകത്തിന്റെ പുതിയ ആവശ്യങ്ങളോടു ചേർന്നുനില്ക്കുന്ന ഘടനകൾക്കും പ്രവർത്തനങ്ങൾക്കുമായി മനുഷ്യവംശം കാത്തിരിക്കുന്നു എന്ന ഓർമ്മപ്പെടുത്തലോടെയാണ് ഈ ശ്ലൈഹികലേഖനം ആരംഭിക്കുന്നത്.

2014 നവംബർ 21 നു പ്രസിദ്ധീകരിച്ച *ആനന്ദത്തിന്റെ സാക്ഷികൾ* എന്ന ഈ ലേഖനത്തിൽ പ്രധാനമായും മൂന്നു കാര്യങ്ങളാണ് പ്രതിപാദിച്ചിരിക്കുന്നത്. 1. സമർപ്പണവർഷാചരണത്തിന്റെ ലക്ഷ്യങ്ങൾ; 2. സമർപ്പണവർഷത്തെക്കുറിച്ചുള്ള പ്രതീക്ഷകൾ; 3. സമർപ്പണവർഷത്തിന്റെ ചക്രവാളങ്ങൾ.

സമർപ്പണവർഷാചരണത്തിന്റെ ലക്ഷ്യങ്ങളിൽ ആദ്യമായി പറയുന്നത് ഭൂതകാലത്തിലേക്കു നന്ദിയോടെ നോക്കുക എന്നതാണ്. ഓരോ സമർപ്പിതസമൂഹങ്ങൾക്കും ദൈവം നല്കിയ വലിയ ദാനമാണ് അവയുടെ സിദ്ധികൾ. അവയെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യേണ്ടതുണ്ട്. എന്നാൽ സമർപ്പിതസമൂഹങ്ങളുടെ സ്ഥാപകകാരിസങ്ങൾക്ക് മാറ്റം വരാൻ പാടില്ലെങ്കിലും അതിന്റെ ഘടനയിലും പ്രവർത്തനശൈലിയിലും കാലോചിതമായ മാറ്റം വരുത്തേണ്ടതാവശ്യമാണ്.

സമർപ്പണവർഷാചരണത്തിന്റെ രണ്ടാമത്തെ ലക്ഷ്യമായി ചൂണ്ടിക്കാണിക്കുന്നത്, അത്യുത്സാഹത്തോടെ വർത്തമാനകാലത്തിൽ ജീവിക്കുക എന്നതാണ്. സുവിശേഷമായിരിക്കണം അനുദിനജീവിതത്തിലെടുക്കുന്ന തീരുമാനങ്ങൾക്കുള്ള 'റഫറൻസ് ഗ്രന്ഥം'. വിശുദ്ധഗ്രന്ഥം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നതോടൊപ്പം സുവിശേഷം നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കുകയും വേണം. എല്ലാ സമർപ്പിതരും ആദ്യമായി സ്നേഹിക്കേണ്ടത് ഈശോയെയാണ്; അതായിരിക്കണം അവരുടെ ഒരേയൊരു സ്നേഹം. എങ്കിൽമാത്രമേ കണ്ടുമുട്ടുന്നവരെയെല്ലാം അവിടുന്നു സ്നേഹിച്ചതുപോലെ സ്നേഹിക്കാൻ നമുക്കു ശക്തി ലഭിക്കൂ. ഓരോ സമർപ്പിതസമൂഹത്തെയും ദൈവം ഏല്പിച്ചിട്ടുള്ള ദൗത്യത്തോടുള്ള വിശ്വസ്തത പരിശോധിക്കാനുമുള്ള സമയവുംകൂടിയാണിത്. അത്യുത്സാഹത്തോടെ വർത്തമാനകാലത്തിൽ ജീവിക്കുക എന്നു പറയുമ്പോൾ 'കൂട്ടായ്മയുടെ മനുഷ്യരാകുക' എന്നും അത് അർത്ഥമാക്കുന്നു. പ്രത്യാശയോടെ ഭാവിയെ ആശ്ലേഷിക്കുക എന്നതാണ് സമർപ്പണവർഷാചരണത്തിന്റെ മൂന്നാമത്തെ ലക്ഷ്യം. സമർപ്പണസമൂഹങ്ങൾ നിരവധി പ്രശ്നങ്ങൾ നേരിടുന്ന ഈ കാലഘട്ടത്തിൽ ഒന്നും അസാദ്ധ്യമല്ലാത്ത ദൈവത്തിലുള്ള പ്രത്യാശയാണിതുകൊണ്ട് അർത്ഥമാക്കുന്നത്. പ്രത്യാശയോടെ ഭാവിയിലേക്ക് ഉറ്റുനോക്കാനുള്ള ആഹ്വാനത്തോടെയാണ് ഈ ലേഖനത്തിന്റെ ഒന്നാം ഭാഗം അവസാനിപ്പിക്കുന്നത്.





# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിൽ നോമ്പുകാലത്തേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. നമ്മുടെ കുർബാനയിൽ ദിവ്യരഹസ്യഗീതത്തെത്തുടർന്ന് ഇപ്രകാരം പ്രാർത്ഥിക്കുന്നു: "അവിടുത്തെ സന്നിധിയിൽ നിങ്ങളുടെ ഹൃദയങ്ങൾ തുറക്കുവിൻ. ഉപവാസവും പ്രാർത്ഥനയും അനുതാപവുംവഴി മിശിഹായെയും അവിടുത്തെ പിതാവിനെയും പരിശുദ്ധാത്മാവിനെയും നമുക്കു പ്രസാദിപ്പിക്കാം". ഉപവാസവും പ്രാർത്ഥനയും അനുതാപവും നോമ്പുകാലത്തിന്റെ പ്രത്യേകതകളാണ്. സെനക്കിളിൽ ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിന് നമ്മുടെ ഹൃദയങ്ങൾ തുറക്കുവാൻ ഈ നോമ്പുകാലം നമ്മെ ആഹ്വാനംചെയ്യുകയാണ്. ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹത്തിന്റെ മുമ്പിൽ നാം ഹൃദയങ്ങൾ തുറക്കുമ്പോൾ നമ്മിൽ പാപബോധവും അനുതാപവുമുളവാകും. ദൈവത്തിന്റെ സ്നേഹത്തിന്റെ മുമ്പിൽ നാം ജീവിക്കുന്നതിനനുസൃതമായി അനുതാപം പാപബദ്ധരായ നമ്മുടെ നിരന്തരമനോഭാവമായി മാറും.

പ്രാർത്ഥന ദൈവത്തിന്റെ മുമ്പിലുള്ള ഹൃദയംതുറക്കലാണ്. ദൈവംതരുന്ന സ്നേഹം സ്വീകരിക്കുവാനും ആ സ്നേഹം പങ്കിട്ടനുഭവിക്കുവാനും നമുക്കു ലഭിക്കുന്ന ഏറ്റംവലിയ വിലപ്പെട്ട അവസരമാണ് പ്രാർത്ഥന. പ്രാർത്ഥനയെ ത്വരിതപ്പെടുത്തുന്ന ഉപാധിയാണ് ഉപവാസം. ഉപവസിക്കുക എന്നുവച്ചാൽ ഭോജ്യങ്ങൾ വെടിയുക മാത്രമല്ല, ഹൃദയത്തിലെ കോപാസൂയാദികളെല്ലാം വെടിയുന്നതാണ് (ഞായർ, ഓനീസാദ്‌വാസർ). ഉപവാസത്തിലൂടെ ഹൃദയത്തെ ശുദ്ധമാക്കി പ്രാർത്ഥനയിലൂടെ ദൈവസ്നേഹത്തിന്റെ മുമ്പിൽ ഹൃദയംതുറന്ന് ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വളർന്ന് പരമാവധിസ്നേഹം ജീവിക്കുവാൻ ഈ നോമ്പുകാലം നമുക്ക് അവസരമൊരുക്കട്ടെ!

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

അപ്പസ്തോലിക് സൊഡാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിലേഴ്സ് മീറ്റിംഗ് 2015 ഫെബ്രുവരി 4,5 തീയതികളിൽ റോമിൽവച്ചു നടക്കും. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രമാണരേഖയുടെ വ്യാഖ്യാനം തയ്യാറാക്കിയിടത്തോളം വിശദമായി വിശകലനം ചെയ്ത് വേണ്ട തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും വരുത്തി അന്തിമരൂപം നല്കുകയും ഡയറക്ടറി തയ്യാറാക്കുകയുമാണ് പ്രസ്തുത മീറ്റിംഗിന്റെ ലക്ഷ്യം. ഇന്ത്യയിൽനിന്നും ജനറൽ മേജർ ഫാദർ ബഹു. മാത്യു വെള്ളാനിക്കലച്ചൻ ഈ മീറ്റിംഗിൽ പങ്കെടുക്കും. ജനുവരി 24 മുതൽ 31 വരെ റോമിൽവച്ച് കത്തോലിക്കാസഭയും ഓറിയെന്റൽ ഓർത്തഡോക്സു സഭകളും തമ്മിൽ നടക്കുന്ന ദൈവശാസ്ത്രപരമായ ഡയലോഗിൽ പങ്കെടുത്തതിനുശേഷമായിരിക്കും ഇൻസ്റ്റിറ്റ്യൂട്ടിന്റെ മീറ്റിംഗിൽ സംബന്ധിക്കുക. റോമിലെ പരിപാടികൾ കഴിഞ്ഞ് ഫെബ്രുവരി 10-ാം തീയതി ബഹു. മല്പാനച്ചൻ ഇന്ത്യയിൽ തിരിച്ചെത്തും.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# ആശ്രയമാതാവ്

**തിരുനാൾ ഫെബ്രുവരി 11**

പരിശുദ്ധ അമ്മയെ ഓർക്കുമ്പോഴെക്കെ നമ്മുടെ അധരങ്ങളിലേക്ക് ഓടിയെത്തുന്ന സുകൃതജപമാണ് 'എന്റെ അമ്മേ; എന്റെ ആശ്രയമേ' എന്നത്. ജീവിതത്തിൽ ഏതു പ്രശ്നങ്ങളുണ്ടായാലും നമുക്ക് ആശ്രയിക്കാനായി പരി. അമ്മ നമ്മുടെ കൂടെയുണ്ടെന്ന വിശ്വാസം ഈ വാക്കുകൾ നമ്മിലുളവാക്കുന്നു. 'ഇതാ നിന്റെ അമ്മ' എന്നു പറഞ്ഞ കർത്താവിന്റെ വചനങ്ങൾ ഇപ്പോഴും നമുക്ക് അനുഭവവേദ്യമായിക്കൊണ്ടിരിക്കുന്നു എന്നത് നിഷേധിക്കാനാവാത്ത സത്യമാണ്.

ദൈവദാസനായ വില്യം ജകമീൻതാപിതാവ് തന്റെ വൈദികപഠനകാലത്തിലധികവും ചെലവഴിച്ചത് റോമിലെ വി. യോഹന്നാന്റെ നാമത്തിലുള്ള മേജർ സെമിനാരിയിലാണ്. 'ആശ്രയമാതാവ്' എന്ന പേരിൽ അവിടെ വണങ്ങപ്പെട്ടിരുന്ന മാതാവിന്റെ രൂപം അദ്ദേഹത്തെ ഹഠാദാകർഷിച്ചു. 1700 കളിൽ റോമിൽ ജീവിച്ചുമരിച്ച ഒരു കർമ്മലീത്താ സന്ന്യാസിനിയായിരുന്ന ക്യാര ഇസബെല്ലയുടെ കൈവശം സൂക്ഷിച്ച മാതാവിന്റെ ഈ രൂപം അവളുടെ കുമ്പസാരക്കാരനായിരുന്ന ജാൻ മരിയ എന്ന ജസ്യൂട്ടു വൈദികനാണ് അവളുടെ മരണശേഷം താൻ ആദ്ധ്യാത്മികശുശ്രൂഷചെയ്തിരുന്ന ഈ മേജർ സെമിനാരിയിൽ എത്തിച്ചത്.

വില്യം ജകമീൻതാപിതാവ് വിശുദ്ധിയുടെ പ്രേഷിതകുടുംബത്തിനു രൂപംകൊടുത്തപ്പോൾ അത് ആശ്രയമാതാവിന്റെ സംരക്ഷണയിലാകാൻ അതിയായി ആഗ്രഹിച്ചു. സെമിനാരിയിൽ സൂക്ഷിച്ചിരുന്ന മാതാവിന്റെ രൂപത്തിൽ അല്പം വ്യത്യാസം വരുത്തിയതാണ് നാം ഇന്നു കാണുന്ന മാതാവിന്റെ ചിത്രം. പിതാവിന്റെ ആഗ്രഹപ്രകാരം, അദ്ദേഹത്തിന്റെ ആദ്ധ്യാത്മികോപദേശം തേടിയിരുന്ന ഒരു ഫ്രാൻസിസ്കൻ സന്ന്യാസിനിയാണ് വിമലഹൃദയത്തിന്റെ രൂപം കൂട്ടിച്ചേർത്ത് ഈ രൂപത്തിൽ വ്യത്യാസം വരുത്തിയത്.

അമ്മയുടെ വിമലഹൃദയത്തിനു മാത്രമേ നമ്മെ സഹായിക്കാൻ സാധിക്കൂ എന്നതിനു തെളിവായിട്ടാണ് ഉണ്ണീശോ മാതാവിന്റെ വിമലഹൃദയം നമുക്കു ചൂണ്ടിക്കാട്ടിത്തരുന്നത്. ഉണ്ണീശോയെ എടുത്തിരിക്കുന്ന അമ്മയുടെ കരങ്ങൾ ഈശോയെ ലോകത്തിനു പ്രദാനംചെയ്യുന്നതിനായി തുറന്നിരിക്കുന്നു. വലിയ നോമ്പിനുമുമ്പുള്ള ബുധനാഴ്ചയാണ് സാധാരണയായി സീറോ മലബാർ സഭയിൽ പ്രവർത്തിക്കുന്ന വിശുദ്ധിയുടെ പ്രേഷിത കുടുംബം (അപ്പസ്തോലിക് ഒബ്ലേറ്റ്സ്, അപ്പസ്തോലിക് സൊദാലെസ്, സോഷ്യൽ ആനിമേറ്റേഴ്സ്) ആശ്രയമാതാവിന്റെ തിരുനാൾ ആഘോഷിക്കുന്നത്. വേദനകളിലും പ്രയാസങ്ങളിലും സന്തോഷത്തിലും സഹനത്തിലും ഏതവസ്ഥയിലും ആശ്രയിക്കാവുന്ന പരി. അമ്മയെ നമുക്കും ഹൃദയംതുറന്നു വിളിക്കാം, 'എന്റെ അമ്മേ, എന്റെ ആശ്രയമേ!'.





നിങ്ങളുടെ ദൈവശാസ്ത്രപരവും ബൈബിൾപരവുമായ സംശയങ്ങൾക്ക് പ്രശസ്ത ദൈവശാസ്ത്രജ്ഞനും ബൈബിൾ പണ്ഡിതനുമായ ബഹു. മല്പാൻ മാത്യു വെള്ളാനിക്കൽ അച്ചൻ ഉത്തരം നല്കുന്നു.

ചോദ്യങ്ങൾ അയയ്ക്കേണ്ട വിലാസം: **എഡിറ്റർ, പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം-686 018**

# സ്വാർത്ഥമതിയായ ദൈവം!

**ലാസറിന്റെ രോഗം ദൈവത്തിന്റെ മഹത്ത്വത്തിനും അതുവഴി ദൈവപുത്രൻ മഹത്ത്വം പ്രാപിക്കുന്നതിനും വേണ്ടിയുള്ളതാണെന്ന് വചനത്തിൽ വായിക്കുന്നു (യോഹ 11,4). മനുഷ്യരുടെ സഹനത്തിൽനിന്നും തന്റെ മഹത്ത്വം വർദ്ധിപ്പിക്കുന്ന ഒരു ദൈവമാണോ നമുക്കുള്ളത്?** – *റിബിൻ റോയി തൊടുപുഴ*

ദൈവത്തിന്റെ മഹത്ത്വത്തിന്റെ സ്വഭാവമെന്താണ് എന്ന ചോദ്യത്തിനാണ് ഇവിടെ ആദ്യം ഉത്തരം കണ്ടെത്തേണ്ടത്. ദൈവത്തിന്റെ മഹത്ത്വം മനുഷ്യന്റെ നന്മയാണ് ലക്ഷ്യമാക്കുന്നത്. ലാസറിന്റെ മരണം അനേകർക്കു വേദനയ്ക്കു കാരണമായെങ്കിലും അതൊരു അത്ഭുതപ്രവർത്തനത്തിനു വേദിയൊരുക്കി. അതുവഴി സഹനം ദൂരീകരിക്കപ്പെട്ടുവെന്നു മാത്രമല്ല അനേകർ ഈശോയിൽ വിശ്വസിച്ചു. അത് ദൈവമഹത്ത്വം സാധ്യമാക്കി. മറ്റൊരു തലത്തിൽ ചിന്തിക്കുമ്പോൾ, ഈശോയിൽ വിശ്വസിച്ചവർ അതുവഴി ഈശോയിലൂടെയുള്ള രക്ഷയിലേക്കു കടന്നുവരികയായിരുന്നു. വിശ്വസിച്ചതുകൊണ്ട് അവർ രക്ഷപ്രാപിച്ചു. ദൈവത്തിന്റെ മഹത്ത്വം എല്ലാവരും അവിടുത്തെ അറിയുകയും അംഗീകരിക്കുകയും ചെയ്യുന്നതിലാണ്. എന്നാൽ ഇത് മനുഷ്യരുടെ രക്ഷയും ജീവനുമാണ് ആത്യന്തികമായി സാധിക്കുന്നത്. അതായത്, ദൈവത്തിന്റെ മഹത്ത്വം മനുഷ്യരുടെ രക്ഷയിലാണ്, ജീവനിലാണ് അടിസ്ഥാനമായിരിക്കുന്നത്. തന്മൂലം ദൈവത്തിനു മഹത്ത്വം സംജാതമാകുന്നതിലൂടെ മനുഷ്യനാണ് പ്രയോജനം ലഭിക്കുക.

മനുഷ്യന് ഈലോകത്തിൽ അനുഭവപ്പെടുന്ന സഹനങ്ങളെ അവനെ വിമോചിപ്പിക്കുന്നതിനും രക്ഷിക്കുന്നതിനുമുള്ള മാർഗങ്ങളായി ഈശോ പരിണമിപ്പിക്കുന്നു. ഇതാണ് മനുഷ്യദുഃഖങ്ങളിൽ ഒളിഞ്ഞുകിടക്കുന്ന ദൈവസ്നേഹത്തിന്റെ സത്ത. ആത്യന്തികമായി ദൈവത്തിന്റെ മഹത്ത്വം നിലനില്ക്കുന്നത് മനുഷ്യൻ ജീവന്റെ തികവിൽ വളരുന്നതിലാണ്. ഇതിന് അവൻ വിശ്വാസത്തിലൂടെ ദൈവത്തിന്റെ സ്നേഹവും നന്മയും അനുഭവിക്കണം. വിശ്വാസത്തിൽ വളരാൻ സാധ്യമായ വിധത്തിൽ ജീവിതദുഃഖങ്ങളെ നേരിട്ടാൽ മാത്രമേ അവ നന്മയായിത്തീരൂ. ജീവിതത്തിൽ എന്തുസംഭവിച്ചാലും അത് ദൈവസ്നേഹത്തിന്റെ പ്രതിഫലനങ്ങളായി കാണുവാൻ നമുക്കു സാധിക്കണം. എങ്കിലേ, "ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നു" (റോമാ 8,28) എന്ന പൗലോസ്ശ്ലീഹായുടെ വാക്കുകൾ നമ്മിൽ അന്വർത്ഥമാകൂ.






# അമ്മയോടൊപ്പം അനുഗ്രഹവഴിയേ


**സൗമ്യ കാഞ്ഞിരക്കാട്ട്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**


**ഒന്നാം ദിവ്യരഹസ്യം**

ദൈവസ്വരത്തിന് പ്രത്യുത്തരം നൽകിയ പരി. അമ്മയെ നമുക്ക് ധ്യാനിക്കാം. പരി. അമ്മേ മാതാവേ, ഞങ്ങളുടെ അനുദിനജീവിതത്തിലുണ്ടാകുന്ന ദൈവസ്വരത്തെ ശ്രവിച്ചുകൊണ്ട് അവയ്ക്ക് പൂർണ്ണസംലഭ്യതയോടെ പ്രത്യുത്തരം നൽകുവാനുള്ള കൃപയ്ക്കായി അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമേ. 1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**രണ്ടാം ദിവ്യരഹസ്യം**

തനിക്കു ലഭിച്ച ദൈവികദാനങ്ങൾക്ക് നന്ദി പറഞ്ഞ പരി. അമ്മയെ നമുക്ക് ധ്യാനിക്കാം. പരി. അമ്മേ മാതാവേ, ഓരോ നിമിഷവും ഞങ്ങളിലേക്ക് ചൊരിയുന്ന ദൈവിക കൃപകളെ തിരിച്ചറിയുവാനും അവയ്ക്ക് നന്ദി പറയുന്ന ഒരു ഹൃദയം ഞങ്ങളിൽ ഒരുക്കുവാനുമുള്ള കൃപയ്ക്കായി അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമേ. 1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**മൂന്നാം ദിവ്യരഹസ്യം**

ദൈവികപദ്ധതിക്ക് വിശ്വസ്തതാപൂർവ്വം സഹകരിച്ച പരി. അമ്മയെ നമുക്ക് ധ്യാനിക്കാം. പരി. അമ്മേ മാതാവേ, ദൈവികപദ്ധതിപ്രകാരം ഞങ്ങൾക്കു ലഭിച്ചിരിക്കുന്ന വിളിയിൽ ജീവിതാന്ത്യംവരെ ഏറ്റവും വിശ്വസ്തതയോടുകൂടി ആയിരിക്കുവാനുള്ള കൃപയ്ക്കായി അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമേ. 1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**നാലാം ദിവ്യരഹസ്യം**

ജീവിതാനുഭവങ്ങളെ ദൈവാനുഭവങ്ങളായി മാറ്റിയ പരി. അമ്മയെ നമുക്ക് ധ്യാനിക്കാം. പരി. അമ്മേ മാതാവേ, സഹനമാകുന്ന തീച്ചൂളയിൽ എരിയുമ്പോൾ സാന്ത്വനത്തിന്റെ സ്പർശവുമായി കടന്നുവരുന്ന അമ്മയെപ്പോലെ ഓരോ പ്രവർത്തനങ്ങളിലും ദൈവികഇടപെടലുകളെ കണ്ടെത്തുവാനുള്ള കൃപയ്ക്കായി അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമേ. 1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**അഞ്ചാം ദിവ്യരഹസ്യം**

ലോക മക്കൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കുന്ന പരി. അമ്മയെ നമുക്ക് ധ്യാനിക്കാം. പരി. അമ്മേ മാതാവേ, അങ്ങ് ഞങ്ങൾക്കായി നിരന്തരം അപേക്ഷിക്കുന്നുവല്ലോ. ഞങ്ങളുടെ സഹോദരങ്ങളെ അനുനിമിഷം സ്നേഹിച്ചുകൊണ്ട് ഞങ്ങളെത്തന്നെ പൂർണ്ണമായി വിട്ടുകൊടുക്കുവാനുള്ള കൃപയ്ക്കായി അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമേ. 1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**നമുക്ക് പ്രാർത്ഥിക്കാം**

സ്നേഹപിതാവേ, അങ്ങേ തിരുവിഷ്ടം നിറവേറ്റിക്കൊണ്ട് സ്വർഗ്ഗീയ സന്തോഷത്തിലേക്ക് നടന്നടുത്ത പരി. അമ്മയെപ്പോലെ ഈ ലോകത്തിന്റെ സന്തോഷങ്ങളെ ലക്ഷ്യം വയ്ക്കാതെ തിന്മയുടെ ശക്തികൾത്തെതിരെ പോരാടിക്കൊണ്ട് ഞങ്ങളുടെ ജീവിതം സഹോദരങ്ങൾക്ക് ഒരു അനുഗ്രഹമായി തീരുവാൻ വേണ്ട കൃപ അങ്ങേ തിരുക്കുമാരൻവഴി നേടിത്തരണമേ, ആമേൻ.






Pratheeshayude Poomottukal
(Malayalam Monthly)

RNI: KERMAL 15541/11/1/2014-TC

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

''ഉള്ളിൽ നിന്നുയരും
പ്രാർത്ഥന ദൈവത്തിൻ
സന്നിധിയിൽ ചേരും
നമ്മുടെ ഘോരകടങ്ങൾക്കും
പാപങ്ങൾക്കും പൊറുതിക്കായ്
കണ്ണീരോടെ കർത്താവിൻ
വാതിൽ മുട്ടി വിളിച്ചീടാം
അവനെന്നും - സ്തോത്രം പാടീടാം''
(നോമ്പുകാലം, തിങ്കൾ-റംശ)



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്